
വാല്യം 11 | ലക്കം 4 | ഒക്ടോബർ 2026

ഇടയൻ

ബുള്ളറ്റിൻ



നമ്മുടെ
മെത്രാപ്പോലീത്തൻ പള്ളിക്ക്
പുതിയ വെബ്സൈറ്റ് !

www.metropolitanpally.in


77-ാം ചരമവാർഷികം



മാർ ജെയിംസ് കാളാശ്ശേരി

20.04.1892 - 27.10.1949

മെത്രാപ്പോലീത്തൻ
ഇടവക കുടുംബത്തിലേക്ക് സ്വാഗതം



റവ. ഫാ. സെബാസ്റ്റ്യൻ
മിറ്റത്താനിക്കൽ OFM Cap.
(ഗെത്സമനി ഗാർഡിയൻ)



റവ. ഫാ. ജെയിംസ്
പുരയിടത്തിൽ OFM Cap.



റവ. ഫാ. സിബിച്ചൻ
പുതിയിടം OFM Cap.



വാല്യം 11 | ലക്കം 4 | ഒക്ടോബർ 2026

ഇടയൻ

ഇടവക ബുള്ളറ്റിൻ

മാനേജിംഗ് എഡിറ്റർ:
വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ
9495268877

ചീഫ് എഡിറ്റർ:
റവ. ഫാ. തോമസ് (ഡാരിൻ) തെങ്ങംപള്ളിൽ
9400736231

എക്സി. എഡിറ്റേഴ്സ്:
റവ. ഫാ. ഫിലിപ്പ് വൈക്കത്തുകാരൻ
8281674739
റവ. ഫാ. ജോസഫ് (ജോൺസൺ) മുണ്ടുവേലിൽ
8078159646
റവ. ഫാ. മാത്യു (ജസ്റ്റിൻ) പുത്തൻപുരയിൽ
9961051342

കൈക്കാരന്മാർ:
പ്രിൻസ് തോമസ് കുറുപ്പൻപറമ്പിൽ
സുബിൻ എം തോമസ് മതിച്ചിപ്പറമ്പിൽ
ജിജി തോമസ് പാറക്കടവിൽ

കമ്മറ്റിയംഗങ്ങൾ:
സന്തോഷ് മൈക്കിൾ കടേപ്പറമ്പിൽ (കൺവീനർ)
കാർമൽ ജോബി പാമ്പൂറ്റിത്തറ
സന്തോഷ് പുതുപ്പറമ്പ്
ബോബൻ ഫ്രാൻസിസ് നെല്ലിപ്പള്ളി
സി. മരിയ SABS

പാരിഷ് കൗൺസിൽ സെക്രട്ടറി:
ഷിബാ മാനുവൽ മുണ്ടയ്ക്കൽ

രൂപകല്പന, മുദ്രണം:
സെന്റ് ജോസഫ് ഓർഫനേജ് പ്രസ്
ചങ്ങനാശേരി +91 8547785270

താളുകൾ മറിക്കുമ്പോൾ

മുഖമൊഴി	05
വികാരിയച്ചന്റെ സന്ദേശം	07
ദൈവത്തിൽ ആനന്ദിച്ചവൻ - മാർ കാവുകാട്ടുപിതാവ്	10
കാവുകാട്ടുപിതാവിന്റെ മാതൃഭക്തി	12
ദൈവികമായ ശാന്തതയോടെ...	16
നസ്രാണി ക്വിസ്	20
ശ്രാദ്ധപ്പെരുന്നാൾ നോട്ടീസ്	21
ദിനചിത്രങ്ങൾ	22
ഓപ്പറേഷൻ തൂഫാൻ	29
ഫാമിലി ഗൈഡ് - 3	33
മാതൃവേദി-പിതൃവേദി വാർഷിക റിപ്പോർട്ട്	37
നസ്രാണി ക്വിസ് - മാതൃകാചോദ്യങ്ങൾ	39
ഇടവക വാർത്തകൾ	40
ജലത്താലും ആത്മാവിനാലും	43
ദൈവം യോജിപ്പിച്ചത്	43
ഉത്ഥിതനോടൊപ്പം	44

ST MARY'S METROPOLITAN CHURCH
Changanacherry - 686 101
Kerala State, India
Mob: 9074209029 (Office)
metropolitanchurchchry@gmail.com
www.metropolitanpally.in

മെത്രാപ്പോലീത്തൻ ഇടവകയുടെ

ആദരാഞ്ജലികൾ



സി. മഡോണ CMC (95)

മരണം: 24.09.2026

പോളയ്ക്കൽ, ചങ്ങനാശേരി

സ്നേഹസ്മരണയ്ക്ക്



ജോസഫ് മാത്യു (അപ്പച്ചി 80)

(എക്സ്. സർവീസ്)

മരണം: 31.08.2026

കുരിശുങ്കൽപറമ്പിൽ, ചങ്ങനാശേരി

പ്രൈം ടൈം
Begins...

നമ്മുടെ കുടുംബങ്ങളിലും ഇടവകയിലും പലപ്പോഴും ഉയരുന്ന ഒരു ആശങ്കയാണ് "ഇന്നത്തെ കുട്ടികൾക്കും യുവാക്കൾക്കും പള്ളിയോട് താൽപര്യമില്ല." എന്നാൽ ഈ നിഗമനത്തിനപ്പുറം നാം ചോദിക്കേണ്ട മറ്റൊരു ചോദ്യമുണ്ട്:

"അവർക്ക് ക്രിസ്തുവിനോട് താൽപര്യമില്ലാത്തതാണോ, അതോ ക്രിസ്തുവിനെക്കുറിച്ച് നാം സംസാരിക്കുന്ന രീതിയുമായി അവർക്ക് ബന്ധപ്പെടാൻ കഴിയാത്തതാണോ?"

കാലം മാറിയിരിക്കുന്നു. ഒരു തലമുറ മുമ്പ് കുടുംബവും സ്കൂളും പള്ളിയും സമൂഹവും ആയിരുന്നു കുട്ടികളുടെയും യുവാക്കളുടെയും ചിന്തകളെ പ്രധാനമായി രൂപപ്പെടുത്തിയിരുന്നത്. ഇന്ന് അവരുടെ ലോകം അതിരുകളില്ലാത്തതാണ്. ഒരു മൊബൈൽ ഫോൺ അവരുടെ കൈയിൽ ഒരു ലൈബ്രറിയും സിനിമാശാലയും സംഗീതലോകവും സൗഹൃദവലയവും വാർത്താമാധ്യമവും ഒരേസമയം എത്തിക്കുന്നു. YouTube, Instagram, podcasts, short videos, gaming, streaming platforms എന്നിവ അവരുടെ ശ്രദ്ധയെയും ചിന്തയെയും നിരന്തരം സ്വാധീനിക്കുന്നു.

ഈ മാറ്റത്തെ കുറ്റപ്പെടുത്തുകയോ ഭയപ്പെടുകയോ ചെയ്യുന്നതിനു പകരം അത് മനസ്സിലാക്കുകയാണ് സഭയുടെ പുതിയ ദൗത്യത്തിന്റെ തുടക്കം.

2026 സെപ്റ്റംബർ 24 ന് ആണ് ആർച്ച്ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ വാഴ്ത്തപ്പെട്ട പദവിയിലേക്ക് ഉയർത്തപ്പെട്ടത്. ടെലിവിഷൻ കാലഘട്ടത്തിൽ പ്രധാന സമയമായിരുന്ന **പ്രൈം ടൈം** ഓരോ ചാനലുകളും പരസ്പരം വിവിധ ഉല്ലാസപരിപാടികളുമായി ആൾക്കാരെ ആകർഷിക്കാൻ ശ്രമിച്ചപ്പോൾ 1950-കളിൽ ആർച്ച്ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ *Life Is Worth Living* എന്ന ടെലിവിഷൻ പരിപാടി **പ്രൈം ടൈം** കീഴടക്കിയതിലൂടെ ക്രൈസ്തവസന്ദേശം വീടുകളിലെത്തിച്ചു. ടെലിവിഷൻ അന്നത്തെ പുതിയ മാധ്യമമായിരുന്നു. ഫുൾട്ടൻ ജെ. ഷീൻ സുവിശേഷ സന്ദേശത്തിന്റെ സത്യത്തിൽ വിട്ടുവീഴ്ച ചെയ്തില്ല; എന്നാൽ സന്ദേശം എത്തിച്ചേരേണ്ട വേദിയും അവതരണരീതിയും കാലത്തിനനുസരിച്ച് മാറ്റി.

ഇന്ന് നമ്മളും **പ്രൈം ടൈം** കണ്ടെത്തേണ്ടതായിട്ടുണ്ട്. നമ്മുടെ യുവാക്കൾ ഉള്ളിടത്തേക്ക് നാം എത്തിച്ചേരേണ്ട സമയമാണിത്. അതിന്റെ അർത്ഥം സോഷ്യൽ മീഡിയ അക്കൗണ്ടുകൾ ആരംഭിക്കുക എന്നതിൽ മാത്രം ഒതുങ്ങുന്നില്ല. അവരുടെ ചോദ്യങ്ങൾ കേൾക്കുക, അവരുടെ

ആശങ്കകൾ മനസ്സിലാക്കുക, അവരുടെ ഭാഷയിൽ സംസാരിക്കുക, അവരുടെ താൽപര്യങ്ങളെ ബഹുമാനിക്കുക, അവരുടെ ജീവിതാനുഭവങ്ങളിൽ ക്രിസ്തുവിന്റെ സാന്നിധ്യം കാണിച്ചുകൊടുക്കുക.

ഈശോ മനുഷ്യരെ അവരുടെ ജീവിതത്തിന്റെ യാഥാർത്ഥ്യങ്ങളിൽ തന്നെയാണ് കണ്ടുമുട്ടിയത്. വള്ളത്തിലും വഴിയരികിലും വീടുകളിലും വിരുന്നുകളിലും ദുഃഖത്തിലും സന്തോഷത്തിലും, മനുഷ്യർ ഉണ്ടായിരുന്നിടത്തെല്ലാം അവിടുത്തെ സാന്നിധ്യമുണ്ടായിരുന്നു.

ഇന്നത്തെ യുവാവിനോട് "നീ പള്ളിയിൽ വരണം" എന്ന് പറയുന്നത് മാത്രം മതിയാകില്ല. അവൻ ചോദിക്കുന്ന ചോദ്യങ്ങൾ കേൾക്കാനും നമുക്ക് തയ്യാറാകണം.

"എന്തിനാണ് ഞാൻ വിശ്വസിക്കേണ്ടത്?"

"ദൈവം എന്റെ ജീവിതത്തിൽ എവിടെയാണ്?"

"എന്റെ പരാജയങ്ങളുടെ അർത്ഥമെന്താണ്?"

ഈ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകാൻ നമുക്ക് ആകണം. അതിനാൽ ഇന്ന് നമ്മുടെ ചോദ്യം മാറണം.

"യുവാക്കൾ പള്ളിയിലേക്ക് വരാത്തത് എന്തുകൊണ്ട്?" എന്നതിനു പകരം, "യുവാക്കൾ ഉള്ളിടത്ത് ക്രിസ്തുവിന്റെ സ്നേഹത്തിന്റെ സാന്നിധ്യമായി നാം എത്തിപ്പെടുന്നുണ്ടോ?"

എന്നാൽ പുതുതലമുറയുടെ പല ചോദ്യങ്ങൾക്കുമുള്ള വ്യക്തമായ ഉത്തരം നമ്മുടെ ഓരോരുത്തരുടെയും ജീവിതസാക്ഷ്യമാകണം...

പുതുതലമുറ ഏറെ ശ്രദ്ധിക്കുന്നത് നമ്മൾ പ്രഘോഷിക്കുന്ന വിശ്വാസം ജീവിക്കുന്നുണ്ടോ എന്നതാണ്. അതിനാൽ നമുക്ക് പുതിയ വാതിലുകൾ തുറക്കാം. പുതിയ ഭാഷകൾ പഠിക്കാം. പുതിയ ശൈലികൾ സ്വീകരിക്കാം.

കാവുകാട്ടു പിതാവിന്റെ ശ്രാദ്ധ തിരുനാളിനോടനുബന്ധിച്ച് ഈ ലക്കത്തിൽ അഭിവന്ദ്യ പാടിയത്ത് പിതാവ് നമുക്കായി ലേഖനം എഴുതിയിട്ടുണ്ട്. കഴിഞ്ഞ ലക്കത്തിലെ അവധിക്കാല ചാലഞ്ച് വിജയിച്ച ജിയന്ന പുതുപ്പറമ്പിലിന് ആശംസകൾ.

സ്നേഹത്തോടെ,

ഡാരിനച്ചൻ

അഭിനന്ദനങ്ങൾ, ആശംസകൾ

പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായി തെരഞ്ഞെടുക്കപ്പെട്ട



ശ്രീ. ബാബു കളീയ്ക്കൽ



ശ്രീ. ലാലു പീടികയിൽ



ശ്രീ. അജീസ് ബെൻ ളാകപ്പറമ്പിൽ





Vicar's Message

വികാരിയച്ചന്റെ സന്ദേശം

ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകയിൽനിന്ന് പ്രാർത്ഥനകളും സ്നേഹാശംസകളും നേരുന്നു. സർവ്വശക്തനായ ദൈവം നിരന്തരം നമ്മെ പരിപാലിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നതിനെ ഓർത്ത് നന്ദി പറയാം. മുന്നോട്ടുള്ള നമ്മുടെ എല്ലാ അജപാലന പ്രവർത്തനങ്ങളെയും നല്ലവനായ ദൈവം അനുഗ്രഹിക്കട്ടെയെന്ന് നമുക്ക് പ്രാർത്ഥിക്കാം.

കഴിഞ്ഞ രണ്ടുമൂന്നു മാസങ്ങളായി ആരോഗ്യപരമായ പ്രശ്നങ്ങളിലൂടെ കടന്നുപോകുകയായിരുന്നു. നിങ്ങളുടെ ഓരോരുത്തരുടെയും വിലപ്പെട്ട പ്രാർത്ഥനകൾ എനിക്ക് ശാരീരിക സൗഖ്യവും ശരീരത്തിന് ബലവും നൽകിയിരിക്കുന്നു. ഒക്ടോബർ മാസം മുതൽ നമുക്കൊരുമിച്ച് പ്രവർത്തിക്കാമെന്ന് പ്രത്യാശിക്കുന്നു. എന്റെ രോഗസമയങ്ങളിൽ നിങ്ങൾ എന്നോട് കാണിച്ച സ്നേഹത്തിനും പരിഗണനയ്ക്കും നിരന്തരമായ പ്രാർത്ഥനകൾക്കും ഏറെ സ്നേഹത്തോടെ എല്ലാവർക്കും നന്ദി നേരുന്നു. തുടർന്നും നിങ്ങളുടെ പ്രാർത്ഥനയിൽ വൈദികരായ ഞങ്ങളെ ഓർക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു.

ചികിത്സയുടെ ദിനങ്ങളിൽ ഇടവകയ്ക്കു ഒരു കുറവും വരുത്താതെ അജപാലന പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി സഹായിക്കുകയും നേതൃത്വം നൽകുകയും ചെയ്ത ബഹു. ഫിലിപ്പ് വൈക്കത്തുകാരൻ അച്ചനെയും ജോൺസൺ മുണ്ടുവേലി അച്ചനെയും ജസ്റ്റിൻ പുത്തൻപുര അച്ചനെയും ഡാരിൻ തെങ്ങംപള്ളിൽ അച്ചനെയും കൈക്കാരന്മാരെയും ഇടവക പ്രതിനിധി യോഗാംഗങ്ങളെയും കുടുംബകൂട്ടായ്മ ലീഡേഴ്സിനെയും സംഘടനാ പ്രതിനിധികൾ, ദൈവാലയ ശുശ്രൂഷകർ, പള്ളിഓഫീസ് ജീവനക്കാർ, സൺഡേസ്കൂൾ അദ്ധ്യാപകർ ഇടവകയിലെ ഓരോ കുടുംബങ്ങളിലെ മാതാപിതാക്കൾ, യുവജനങ്ങൾ, കുട്ടികൾ, സന്ന്യസ്തർ എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ദൈവം നമ്മുടെ പ്രവർത്തിക്കനുസൃതമായി പ്രതിഫലം നൽകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

ഇടയൻ മാസിക ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ചരമവാർഷികദിനത്തോടനുബന്ധിച്ച് പിതാവിന്റെ ഓർമ്മയ്ക്കായുള്ള സ്മരണികയായി പ്രസിദ്ധീകരിക്കാൻ നമുക്കു സാധിച്ചു. ഇടയൻ മാസികയ്ക്ക് സഹായവും സഹകരണവും നേതൃത്വവും നൽകുന്നവരെ നന്ദി അറിയിക്കുന്നു.

ജൂൺ മാസം ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിക്കപ്പെട്ട മാസം. ധന്യൻ മാർ തോമസ് കുര്യാളശ്ശേരി പിതാവിന്റെ ഓർമ്മദിനാചരണങ്ങളിലും

> ഒരുമയിൽ വളരാം. കൂട്ടായ്മ ശക്തിപ്പെടുത്താം. ദൈവത്തിൽ ആശ്രയിക്കാം. ദൈവത്തിന്റെ കരങ്ങളിൽ നിന്നും നമ്മുടെ ഇരുകരങ്ങൾ നീട്ടി അനുഗ്രഹങ്ങൾ സ്വീകരിക്കാം. ആത്മബോധം നേടിയെടുക്കാം. നാം വളരണം മറ്റുള്ളവരെ വളർത്തണം. നാം ഉയരണം. മറ്റുള്ളവരെ ഉയർത്തണം. ആരെയും തഴയരുത്. നല്ല സഭാസ്നേഹികളാകാം. ഇടവകസ്നേഹികളാകാം. സമുദായത്തെ ഹൃദയത്തോടു ചേർത്തു പിടിക്കാം.

ശ്രാദ്ധകർമ്മങ്ങൾക്കും നേതൃത്വവും സഹായവും നൽകിയവർക്കെല്ലാം പ്രത്യേക നന്ദി നേരുന്നു.

ജൂലൈ മാസത്തിൽ നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ ഓർമ്മ ആചരണം, സൺഡേസ്കൂൾ വാർഷികം, കാക്കാംന്തോട് കുരിശടിയിലെ മാർ തോമാശ്ലീഹായുടെ ദുക്റാന തിരുന്നാൾ, യുവജനങ്ങൾ യുവദീപ്തി എസ്എംവൈഎം നേതൃത്വത്തിൽ നിരണം മാർത്തോമാശ്ലീഹായുടെ തീർത്ഥാടനകേന്ദ്രത്തിലേക്ക് നടത്തിയ പദയാത്രയും, മറ്റം കുരിശടിയിൽ ദൈവജനത്തിനുവേണ്ടി നടത്തിയ ത്രിദിന ധ്യാനം, കർമ്മല മാതാവിന്റെ തിരുനാൾ, യുവദീപ്തിയുടെ നേതൃത്വത്തിൽ യുവജനങ്ങൾ നടത്തിയ വി. അൽഫോൻസാമ്മയുടെ തിരുന്നാൾ, ഓഗസ്റ്റ് മാസത്തിൽ വൈദികരുടെ മദ്ധ്യസ്ഥനായ ജോൺ മരിയ പുണ്യവാന്റെ തിരുന്നാൾ, പതിനഞ്ചു നോമ്പാചരണം ബഹു. വയലാമണ്ണിലച്ചന്റെ നേതൃത്വത്തിൽ സമുദായ ശക്തീകരണ വർഷത്തിൽ നടത്തിയ നിയോഗ പ്രാർത്ഥന ബൈബിൾ കൺവഷൻ, ഇടവക മദ്ധ്യസ്ഥയായ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുന്നാൾ, കുട്ടികൾ നേതൃത്വം നൽകിയ അൽഫോൻസാ ഭവനത്തിലേക്കുള്ള തീർത്ഥാടനം, പണ്ടകശാലക്കടവ് കുരിശടിയിലെ വി. യാക്കോബ് ശ്ലീഹായുടെ തിരുനാൾ, വെജിറ്റബിൾ മാർക്കറ്റിൽ മനോഹരമായി പണികഴിപ്പിച്ച പരിശുദ്ധ വ്യാകുല മാതാവിന്റെ കുരിശടിയുടെ ആശീർവ്വാദകർമ്മം, കുരിശടിയിലെ തിരുന്നാൾ, അങ്ങാടി കുരിശടിയിലെ വി. മിഖായേൽ മാലാഖയുടെ തിരുനാൾ എന്നിവ നമ്മുടെ വിശ്വാസജീവിതത്തിന് മാതൃകയും സാക്ഷ്യത്തിന്റെ അടയാളവുമാണ്. പൂർവ്വികർ പങ്കുവച്ച വിശ്വാസം അഭംഗുരം വരുംതലമുറയ്ക്ക് തീക്ഷ്ണതയോടെ പകർന്നുനൽകാൻ സാധിക്കട്ടെ. നമ്മുടെ തിരുനാളുകൾ ഓരോന്നും അതിനു പ്രയോജനമാകട്ടെ. കൂട്ടായ്മ ശക്തിപ്പെടുത്തുന്ന അവസരമാക്കി രൂപപ്പെടുത്തുകയും ചെയ്യാം.

തിരുനാളുകൾക്കും കുരിശടി നിർമ്മാണ പ്രവർത്തനങ്ങൾക്കു നേതൃത്വം കൊടുത്ത എല്ലാവരുടെയും ത്യാഗപൂർണ്ണവും നിർലോഭവുമായ പ്രവർത്തനങ്ങൾക്ക് സർവ്വശക്തനായ ദൈവം അനുഗ്രഹങ്ങൾ നൽകട്ടെയെന്നു പ്രാർത്ഥിക്കുന്നു.

ഒക്ടോബർ മാസത്തിൽ പ്രസിദ്ധീകരിക്കുന്ന ഇടയൻ ദൈവദാസൻ മാർ മാത്യു കാവുകാട്ടു പിതാവിന്റെ ഓർമയ്ക്കായി സമർപ്പിക്കുന്നതാണല്ലോ. ഇടയന്റെ ക്രമീകരണങ്ങൾ നടത്തിയ ബഹു. ഡാരിനച്ചനെയും ടീം അംഗങ്ങളെയും അഭിനന്ദിക്കുന്നു.

ദൈവദാസൻ മാർ മാത്യു കാവുകാട്ടുപിതാവ് നമ്മുടെ അതിരൂപതയ്ക്കും ഇടവകയ്ക്കും വഴികാട്ടിയും മാർഗ്ഗദീപവുമാണ്. സമൂഹത്തിൽ പാവപ്പെട്ടവരുടെ പ്രശ്നത്തിൽ ഇടപെടുകയും അവരുടെ സമഗ്രമായ പുരോഗതിക്കുവേണ്ടിയും

വികസനത്തിനുവേണ്ടിയും വിവിധങ്ങളായ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്ത പിതാവാണ് ദൈവദാസൻ കാവുകാട്ടുപിതാവ്. ക്രിസ്തീയ ആത്മീയത ജീവിതത്തിൽ പകർത്തി സൗമ്യനും ശാന്തനുമായ ഈശോയെ അടുത്ത് അനുകരിച്ച് ഈശോയ്ക്കുവേണ്ടി സമർപ്പിതം ചെയ്ത ജീവിതശൈലി. ആരെയും തൊട്ടുനോവിക്കാതെ എല്ലാവരെയും തൊട്ടുതലോടി ഈശോയുടെ സാന്ത്വന സ്പർശം പകർന്ന ജീവിതം, സഹനങ്ങളെ സന്തോഷത്തോടെ സ്വീകരിച്ച് കുരിശിൽ ബലിയായി തീർന്ന ഈശോയിൽ സമർപ്പിച്ച് സഹനങ്ങളെ സന്തോഷമാക്കിയ സഹനദാസൻ.

പിതാവിന്റെ പാവനസ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ സമർപ്പിക്കാം. സേവനങ്ങളെ നന്ദിയോടെ ഓർക്കാം. ധന്യാത്മാവിന്റെ ഓർമ്മദിനങ്ങൾ ഭക്തിപൂർവ്വം ആചരിക്കാം. തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാം. ശ്രാദ്ധതിരുന്നാൾ ഭംഗിയായി ആചരിക്കാം.

നന്ദി നിറഞ്ഞ ഹൃദയത്തോടെ സമുദായ ശക്തീകരണ വർഷത്തിൽ നമുക്ക് പ്രവർത്തിക്കാം. ഒരുമയിൽ വളരാം. കൂട്ടായ്മ ശക്തിപ്പെടുത്താം. ദൈവത്തിൽ ആശ്രയിക്കാം. ദൈവത്തിന്റെ കരങ്ങളിൽനിന്നും നമ്മുടെ ഇരുകരങ്ങൾ നീട്ടി അനുഗ്രഹങ്ങൾ സ്വീകരിക്കാം. ആത്മബോധം നേടിയെടുക്കാം. നാം വളരണം മറ്റുള്ളവരെ വളർത്തണം. നാം ഉയരണം. മറ്റുള്ളവരെ ഉയർത്തണം. ആരെയും തഴയരുത്. നല്ല സഭാസ്നേഹികളാകാം. ഇടവകസ്നേഹികളാകാം. സമുദായത്തെ ഹൃദയത്തോടു ചേർത്തു പിടിക്കാം. നമ്മുടെ ഹൃദയത്തിൽ അഗ്നി ജ്വലിക്കണം. കാലുകൾക്കു ചിറകുവേണം. ഉറങ്ങികഴിയാൻ പാടില്ല. മാറ്റത്തിന്റെ ചലനങ്ങൾ നമ്മളിലൂടെ സൃഷ്ടിക്കപ്പെടണം. പക്വതയിലും നിതാന്ത ജാഗ്രതയിലും വളരാം. വിശ്വസിക്കുന്ന സമൂഹം പ്രാർത്ഥിക്കുന്ന സമൂഹം, സ്നേഹിക്കുന്ന സമൂഹം, പങ്കുവയ്ക്കുന്ന സമൂഹം - ആദിമക്രൈസ്തവരുടെ ജീവിതശൈലിയാണ് ഇക്കാര്യത്തിൽ നാം മാതൃകമായി സ്വീകരിക്കേണ്ടത്.

വിശുദ്ധിയും വിശ്വാസവും നിറഞ്ഞ ഒരിടവക സമൂഹത്തിനായി ഒരുമയോടെ നമുക്ക് പ്രാർത്ഥിക്കാം, പരിശ്രമിക്കാം.

ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

നന്ദിയോടെ പ്രാർത്ഥനാപൂർവ്വം,

സ്വന്തം വികാരി
വാണിയപ്പുരയ്ക്കലച്ചൻ



KLM ചങ്ങനാശ്ശേരി ഫൊറോന സമിതിയുടെ കോർഡിനേറ്ററായി തെരഞ്ഞെടുക്കപ്പെട്ട മാർട്ടിൻ ആന്റണി കൂലിപുരയ്ക്കലിന് ഇടവക കുടുംബത്തിന്റെ

അഭിനന്ദനങ്ങൾ





ദൈവത്തിൽ ആനന്ദിച്ചവൻ
മാർ കാവുകാട്ട് പിതാവ്



ബിഷപ് തോമസ് പാടിയത്ത്
സഹായമെത്രാൻ
ഷംഷാബാദ് അതിരൂപത

ആദരണീയനും വിശുദ്ധ ജീവിതത്തിന്റെ ഉടമയുമായ ദൈവദാസൻ മാത്യു കാവുകാട്ടു പിതാവിനെ നാം ഒരിക്കൽകൂടി പ്രത്യേകം അനുസ്മരിക്കുന്ന ദിനങ്ങളാണല്ലോ സമാഗതമാകുന്നത്. പിതാവിനെ പ്രതി നമുക്കു കർത്താവിനു നന്ദിപറയാം.

'In Caritate Servire' സ്നേഹചൈതന്യത്തിൽ സേവനം എന്നതായിരുന്നു പിതാവ് തന്റെ മെത്രാനടുത്ത ശുശ്രൂഷയ്ക്ക് തെരഞ്ഞെടുത്ത ആപ്തവാക്യം. പിതാവിന്റെ ജീവിതം നാം പരിശോധിക്കുമ്പോൾ ഈ ആപ്തവാക്യത്തിന്റെ ആവിഷ്കാരമായിരുന്നു ആ ജീവിതം മുഴുവൻ. ദൈവത്തേയും സഹോദരങ്ങളേയും സ്നേഹിക്കുക; സ്നേഹത്തിന് കർമസാക്ഷ്യം നൽകി സേവിക്കുക. ദൈവസ്നേഹത്തിന്റെ മറ്റുവശമാണ് പരസ്നേഹം. "ദൈവം സ്നേഹമാകുന്നു" എന്ന പൂർണ്ണബോധ്യമുണ്ടായിരുന്ന പിതാവ് തന്റെ ഇടയലേഖനത്തിൽ അജഗണങ്ങളെ ഇങ്ങനെ ഓർമപ്പെടുത്തി. 'എല്ലാറ്റിനും ഉപരിയായി നാം സ്നേഹിക്കേണ്ടതും സേവിക്കേണ്ടതും നമ്മുടെ സ്രഷ്ടാവും പരിപാലകനുമായ ദൈവത്തെയാകുന്നു... ശിക്ഷയെ ഭയന്നിട്ടല്ല, സമ്മാനത്തെ ആഗ്രഹിച്ചിട്ടല്ല, യഥാർത്ഥ സ്നേഹത്താൽ പ്രേരിതമായിട്ടുവേണം ദൈവത്തെ സേവിക്കുവാൻ.'

ദൈവത്തെ ജീവിതത്തിന്റെ ആനന്ദമാക്കിയവൻ

ദൈവത്തെ തങ്ങളുടെ ജീവിതത്തിന്റെ സന്തോഷമാക്കുന്നവർക്കു മാത്രമേ ദൈവത്തെയും സഹോദരങ്ങളെയും നിസ്വാർത്ഥമായി സ്നേഹിക്കുവാൻ കഴിയൂ. ദൈവത്തിൽ ആനന്ദിക്കുകയെന്നു പറഞ്ഞാൽ നൽകപ്പെട്ടതോ ലഭിച്ചതോ ആയ അനുഗ്രഹങ്ങളിലോ സാമ്പത്തികഭദ്രതയിലോ സുരക്ഷിതത്വത്തി

ലോ ഉള്ള ആനന്ദമല്ല; മറിച്ച് ദൈവം ദൈവമായിരിക്കുന്നതിലുള്ള ആനന്ദമാണ്. പരിശുദ്ധ അമ്മയുടെ സ്തോത്രഗീതത്തിൽ നാം കാണുന്നത് ദൈവത്തിലുള്ള ഈ ആനന്ദമാണ്. To rejoice in the Lord! ദൈവം ദൈവമായിരിക്കുന്നതും, അവിടുത്തെ വാഗ്ദാനങ്ങളും ദൈവം നൽകുന്ന രക്ഷയും ദൈവത്തിന്റെ നന്മയുമാണ് ഇതിനടിസ്ഥാനം. ശരിയായ വിശ്വാസത്തിന്റെ പ്രഖ്യാപനമാണിത്. ഒരാളുടെ ആത്മീയജീവിതത്തിന്റെ ആവിഷ്കാരമാണീ സന്തോഷം.

പൗലോസ് ശ്ലീഹായുടെ ജീവിതത്തിലും ലേഖനങ്ങളും ഈ ദൈവാനന്ദത്തിന്റെ സാക്ഷ്യം നാം കാണുന്നുണ്ട്. ഫിലിപ്പിയർക്ക് എഴുതിയ ലേഖനത്തിൽ ശ്ലീഹാ പറയുന്നു: 'നിങ്ങൾ എപ്പോഴും കർത്താവിൽ സന്തോഷിക്കുവിൻ, ഞാൻ വീണ്ടും പറയുന്നു, നിങ്ങൾ സന്തോഷിക്കുവിൻ' (ഫിലി. 4,4). ഇതു ദൈവത്തിലാനന്ദിക്കുന്നവന്റെ യഥാർത്ഥ സാക്ഷ്യമാണെന്നു പറയുവാൻ കാരണം പൗലോസ് ശ്ലീഹാ ഇതെഴുതുന്നത് സുവിശേഷത്തെപ്രതി തടവുകാരനായി ജയിലിൽ കിടന്നുകൊണ്ടാണ്. തന്റെ ശാരീരികപീഡനങ്ങൾക്കും ജയിൽവാസത്തിനുമിടയിൽ ദൈവത്തിൽ ആനന്ദിക്കുവാൻ തന്റെ വിശ്വാസസമൂഹത്തെ ആഹ്വാനം ചെയ്യുന്ന ശ്ലീഹാ ദൈവം സന്തോഷമായിത്തീർന്ന ഒരു വ്യക്തിയുടെ ഉത്തമ ഉദാഹരണമാണ്. അതുപോലെ സങ്കീർത്തനപുസ്തകത്തിൽ നാം വായിക്കുന്നു: 'കർത്താവിൽ ആനന്ദിക്കുക; അവിടുന്നു നിന്റെ ആഗ്രഹങ്ങൾ സാധിച്ചുതരും'' (സങ്കീ. 37,4). ഇവിടെ ശ്രദ്ധേയമായ ഒരു കാര്യം സങ്കീർത്തകൻ പറയുന്നത് നിന്റെ ആഗ്രഹങ്ങൾ സാധിച്ചുതന്ന കർത്താവിൽ ആനന്ദിക്കുവാനല്ല, മറിച്ച് കർത്താവിൽ ആനന്ദിക്കുന്നവന്റെ ആഗ്രഹങ്ങൾ പൂർത്തീകരിക്കപ്പെടും എന്നാണ്.

ദൈവത്തിൽ ആനന്ദിക്കുകയെന്നത് സാമ്പത്തിക സുസ്ഥിതിയുടെ ഫലമല്ല എന്നതിന് ഏറ്റവും നല്ല സാക്ഷ്യം നൽകുന്ന വ്യക്തിയാണ് ഹബക്കൂക്ക് പ്രവാചകൻ. അദ്ദേഹത്തിന്റെ വാക്കുകൾ ശ്രദ്ധേയമാണ്: 'അത്തിവൃക്ഷം പൂക്കുന്നില്ലെങ്കിലും മുന്തിരിയിൽ ഫലങ്ങളില്ലെങ്കിലും ഒലിവുമരത്തിൽ കായ്കൾ ഇല്ലാതായാലും വയലുകളിൽ ധാന്യം വിളയുന്നില്ലെങ്കിലും ആട്ടിൻകൂട്ടം ആലയിൽ അറ്റുപോയാലും കന്നുകാലികൾ തൊഴുത്തിൽ ഇല്ലാതായാലും ഞാൻ കർത്താവിൽ ആനന്ദിക്കും. എന്റെ രക്ഷകനായ ദൈവത്തിൽ ഞാൻ സന്തോഷിക്കും' (ഹബ. 3,17-18).

ദൈവത്തിൽ സന്തോഷിച്ച ഒരാത്മാവായിരുന്നതുകൊണ്ടാണ് ദൈവദാസനായ കാവുകാട്ടുപിതാവിന് തന്റെ രോഗാവസ്ഥയിലും സഹനത്തിലുമെല്ലാം സന്തോഷത്തോടെ കർത്താവിനെയും സഹോദരങ്ങളെയും ശുശ്രൂഷിക്കുവാൻ സാധിച്ചത്. കർത്താവിന്റെ സുവിശേഷം അറിയാത്തവരെ അതറിയിക്കുവാൻ തെക്കൻമിഷൻ തുടങ്ങുവാനും (ഇന്നത്തെ തക്കല രൂപത) പാവങ്ങൾക്കായി ഭവനപദ്ധതി ആരംഭിക്കുവാനും സ്ഥാനമാനങ്ങളേക്കാൾ എന്നും ദൈവശുശ്രൂഷയിൽ ആനന്ദം കണ്ടെത്തുവാനും സാധിച്ചത് ദൈവത്തിലുള്ള ആനന്ദത്തിലാണ്. ഈ ആത്മീയാനന്ദമാണ് ദൈവകാരുണ്യത്തിന്റെ ആൾരൂപമായി അതിരൂപത മുഴുവൻ നന്മ ചെയ്തു ചുറ്റി സഞ്ചരിക്കുവാൻ പിതാവിന് ശക്തി പകർന്നത്. ഈ വിശുദ്ധാത്മാവിന്റെ നാമകരണനടപടികൾ എത്രയും പെട്ടെന്ന് പൂർത്തിയാകുവാൻ നമുക്കു പ്രാർത്ഥിക്കാം. പിതാവിന്റെ മദ്ധ്യസ്ഥംതേടി നമുക്കും നമ്മുടെ സഭയ്ക്കുമായി പ്രാർത്ഥിക്കാം.



കാവുകാട്ട് പിതാവിന്റെ മാതൃഭക്തി



ഫാ. ജോസഫ് ആലഞ്ചേരി
(കാവുകാട്ട് പിതാവിന്റെ നാമകരണ നടപടികളുടെ പോസ്റ്റുലേറ്റർ)

മധ്യതിരുവിതാംകൂറിലെ സുപ്രസിദ്ധ മരിയൻ തീർത്ഥാടനകേന്ദ്രമായ പാറേൽ പള്ളിയുടെ പുതിയ ദൈവാലയ സമുച്ചയത്തിന്റെ കൂദാശാകർമ്മത്തിനായി എല്ലാവരും ആകാംക്ഷപൂർവ്വം കാത്തിരിക്കുന്ന ഈ അവസരത്തിൽ ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന് പരിശുദ്ധ കന്യകാമറിയത്തോട് ഉണ്ടായിരുന്ന ആഴമേറിയ മാതൃവണക്കം ധ്യാനിക്കുന്നത് സന്ദർഭോചിതമാണ്.

ദൈവമാതാവിന്റെ അമലോത്ഭവ ജനനം വിശ്വാസസത്യമായി പ്രഖ്യാപിച്ചതിന്റെ സുവർണ്ണജൂബിലി സ്മാരകമായി പണിയപ്പെട്ട പാറേൽകപ്പേള സ്ഥാപിതമായ അതേ വർഷമാണ് കാവുകാട്ട് പിതാവ് ഭൂജാതനായത് (1904-ൽ). പാറേൽകപ്പേളയ്ക്ക് സമീപമുള്ള മൂന്നുനില കെട്ടിടത്തിൽ സെന്റ് ബർക്ക്മാൻസ് കോളേജിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ, അവിടെ താമസിച്ചാണ് മാത്യു കാവുകാട്ട് തന്റെ പ്രീ-യൂണിവേഴ്സിറ്റി പഠനം നടത്തിയത് (1923-25 കാലയളവിൽ). ആ കെട്ടിടത്തിന്റെ മൂന്നാം നിലയിലായിരുന്നു ആദ്യവർഷം താമസംപോലും. ദിവസവും പാറേൽ

കപ്പേളയിലെ പരിശുദ്ധ കുർബാനയിലും കൊന്തനമസ്കാരത്തിലും പങ്കെടുക്കാൻ അതൊരു അനുഗ്രഹീത അവസരമായി മാറി. സെബാസ്റ്റ്യൻ വയലിൽ അന്നത്തെ അദ്ദേഹത്തിന്റെ സഹപാഠിയും, ഫാദർ ജെയിംസ് കാളാശേരി കോളേജിലെ മതാധ്യാപകനുമായിരുന്നു. 25 വർഷങ്ങൾക്കുശേഷം ഈ രണ്ടു വിദ്യാർത്ഥിക ളെയും മെത്രാന്മാരായി ശുപാർശ ചെയ്യാൻ കാളാശേരിപ്പിതാവിനിടയായി എന്നത് ചരിത്രപരമായ ഒരു നിയോഗമാണ്.

പാറേൽകപ്പേളയിൽവച്ച് അടിത്തറയിട്ട മാതൃഭക്തി, വൈദികപട്ടസ്വീകരണ ത്തിനുശേഷവും കാവുകാട്ടച്ചൻ അവിരാമം തുടർന്നുപോന്നു. എസ്. ബി. കോളേജിൽ സുറിയാനി അധ്യാപകനായും ഹോസ്റ്റൽ വാർഡനായും ശുശ്രൂഷ ചെയ്തവേ, 1945-ൽ രൂപതാമുഖപത്രമായ 'വേദപ്രചാര മധ്യസ്ഥനിൽ' പരിശുദ്ധ കന്യകാമറിയത്തിന്റെ വണക്കത്തെക്കുറിച്ച് കാവുകാട്ടച്ചൻ ഒരു ലേഖനം എഴുതുകയുണ്ടായി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിനൊരുക്കമായി എഴുതിയ ആ ലേഖനത്തിന്റെ ശീർഷകം "ഉഷഃകാല നക്ഷത്രം" എന്നായിരുന്നു. മാതാവിന്റെ ലുത്തിനിയായിൽ പരിശുദ്ധ അമ്മയെ വിശേഷിപ്പിക്കുന്ന 'ഉഷഃകാല നക്ഷത്രം' (Morning Star) എന്ന മാതൃസ്തുതിയുടെ ബൈബിൾ പശ്ചാത്തല വും, പ്രൊട്ടസ്റ്റന്റ് കവിയായ വില്യം വേഡ്സ്വർത്ത് ഉൾപ്പെടെയുള്ളവരുടെ ആശയങ്ങളും കോർത്തിണക്കിയാണ് കാവുകാട്ടച്ചൻ ഈ ലേഖനം തയ്യാറാ ക്കിയത്. മലയാളഭാഷാസൗന്ദര്യം തുളുമ്പിനിൽക്കുന്ന ഈ ലേഖനത്തിന്റെ പ്രാരംഭഭാഗം ഇവിടെ ഉദ്ധരിക്കാം:

"ഉഷഃകാലനക്ഷത്രമെന്ന് കന്യാമറിയത്തെപ്പറ്റി നാം പറയാറുണ്ട്. ഒരു വലിയ പരമാർത്ഥമാണ് ആ പദപ്രയോഗത്തിൽ ഒതുങ്ങിനിൽക്കുന്നത്. എത്രയെത്ര മഹദ്സംഭവങ്ങളുടെ മധുരസുന്ദരമായ സ്മരണ ആ മനോഹരമായ പദം നമ്മിൽ ഉളവാക്കുന്നുണ്ട്! പെരുമീൻ ഉദിച്ചു എന്ന് നാം പറയുമ്പോൾ ആസന്നമായിരി ക്കുന്ന സൂര്യോദയത്തെ സൂചിപ്പിക്കുന്നു. ആദിത്യന്റെ നേരിയ വാരൊളിവീശ ലോടെ അന്ധകാരം ഭൂമുഖത്തുനിന്നും മാഞ്ഞുതുടങ്ങുന്നു; ആകാശപ്പറവകൾ കളകളസ്വനമുയർത്തി അവയുടെ ആനന്ദത്തെ അറിയിക്കുന്നു; പൂമൊട്ടുകൾ വിടർന്ന് അവയുടെ സൗരഭ്യത്തെ ലോകത്തിന് പകർന്നുനൽകുന്നു; സകല ജീവജാലങ്ങളും സുഷുപ്തിയിൽനിന്നും ഉണർന്ന് ഉന്മേഷവും ഉത്സാഹവും കൈക്കൊള്ളുന്നു. ശാപഗ്രസ്തമായ ലോകത്തെ അനുഗ്രഹിക്കുന്നതിനും ശാപമോക്ഷം നൽകുന്നതിനുമായി അവതാരം ചെയ്യുമെന്ന് പ്രതീക്ഷിക്കപ്പെട്ടി രുന്ന രക്ഷകന്റെ മാതാവാകുവാനുള്ള മഹാഭാഗ്യം ലഭിച്ച മറിയത്തിന്റെ ജനനം, ഉഷഃകാലനക്ഷത്രത്തിന്റെ ഉദയംപോലെ, പാപാന്ധകാരത്താൽ ആവൃതമായി രുന്ന ലോകത്തിൽ ആശയുടെയും ആനന്ദത്തിന്റെയും കിരണകന്ദളങ്ങൾ വീശുകയുണ്ടായി. ആ മഹത്സംഭവത്തിന്റെ ആനന്ദസന്ദായകമായ സ്മരണയാ ണ് ആണ്ടുവട്ടത്തിൽ സെപ്റ്റംബർ എട്ടാം തീയതിതോറും തിരുസഭയിൽ സാർ വത്രികമായി ആചരിച്ചപോരുന്നത്."

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം എന്ന വിശ്വാസസത്യം 1950-ൽ റോമിൽവച്ച് പ്രഖ്യാപിക്കപ്പെട്ടപ്പോൾ, ആ ചരിത്രമുഹൂർത്തത്തിന് സാക്ഷിയാകാനും അതിനെത്തുടർന്നുള്ള ദിവസങ്ങളിൽ റോമിൽവച്ചുതന്നെ മെത്രാൻപട്ടം സ്വീകരിക്കാനും കാവുകാട്ടച്ചന് ഭാഗ്യമുണ്ടായി. ആ ധന്യമുഹൂർ ത്തത്തിന്റെ ഓർമ്മയ്ക്കായി, ആ വർഷം ചങ്ങനാശേരിയിൽ ആരംഭിച്ച വനി

താകോളേജിന് 'അസംപ്ഷൻ' (Assumption) എന്ന് നാമകരണം ചെയ്തതും പിതാവുതന്നെ. നാട്ടിൽ തിരിച്ചെത്തി രൂപതാഭരണം ഏറ്റെടുത്തതിനുശേഷം കാവുകാട്ട് പിതാവ് ചെയ്ത ആദ്യകാര്യങ്ങളിലൊന്ന്, രൂപതയെമുഴുവനായി പരിശുദ്ധ മറിയത്തിന്റെ വിമലഹൃദയത്തിന് പ്രതിഷ്ഠിക്കുക എന്നതായിരുന്നു. തന്റെ രണ്ടാമത്തെ ഇടയലേഖനം പരിശുദ്ധ കന്യകാമറിയത്തോടുള്ള ഭക്തിയും അതിന്റെ ആത്മീയ പ്രാധാന്യവും പ്രതിപാദിക്കുന്നതിനായിട്ടാണ് പിതാവ് മാറ്റിവച്ചത്. 19 വർഷത്തെ അജപാലനശുശ്രൂഷാകാലയളവിൽ കാവുകാട്ട് പിതാവ് എഴുതിയ 84 ഇടയലേഖനങ്ങളിൽ 16 എണ്ണം മുഴുവനായും പരിശുദ്ധ കന്യകാമറിയത്തോടുള്ള വണക്കത്തെക്കുറിച്ചായിരുന്നു എന്നതുതന്നെ, അദ്ദേഹത്തിന്റെ ആത്മീയജീവിതത്തിൽ മറിയഭക്തിക്കുണ്ടായിരുന്ന മഹത്തായ സ്ഥാനം വ്യക്തമാക്കുന്നു.

> പെരുമീൻ ഉദിച്ചു എന്ന് നാം പറയുമ്പോൾ ആസന്നമായിരിക്കുന്ന സൂര്യോദയത്തെ സൂചിപ്പിക്കുന്നു. ആദിത്യന്റെ നേരിയ വാരൊളിവീശലോടെ അന്ധകാരം ഭൂമുഖത്തുനിന്നും മാഞ്ഞുതുടങ്ങുന്നു; ആകാശപ്പറവകൾ കളകളസ്വനമുയർത്തി അവയുടെ ആനന്ദത്തെ അറിയിക്കുന്നു; പൂമൊട്ടുകൾ വിടർന്ന് അവയുടെ സൗരഭ്യത്തെ ലോകത്തിന് പകർന്നുനൽകുന്നു; സകല ജീവജാലങ്ങളും സുഷുപ്തിയിൽനിന്നും ഉണർന്ന് ഉന്മേഷവും ഉത്സാഹവും കൈക്കൊള്ളുന്നു.

ജപമാലഭക്തിയിൽ കാവുകാട്ട് പിതാവിന് പ്രത്യേകമൊരു നിഷ്ഠതന്നെയുണ്ടായിരുന്നു. വിരളമായിമാത്രം ലഭിച്ചിരുന്ന വിശ്രമവേളകളിൽ വരാന്തയിലൂടെ നടന്ന് ജപമാല ചൊല്ലുന്നത് അദ്ദേഹത്തിന്റെ പതിവായിരുന്നു. 'ഞാൻ മറ്റുള്ളവർക്ക് നല്ല കൊന്തകൾ സമ്മാനിക്കാറുണ്ട്; എന്നാൽ ഞാൻ സാധാരണ ഉപയോഗിക്കുന്നത് താണതരം കൊന്തയാണ്' എന്ന് പിതാവ് ഒരിക്കൽ പറഞ്ഞതായി മാത്യു നടയ്ക്കലച്ചൻ അനുസ്മരിക്കുന്നുണ്ട്. മറ്റൊരു അവസരത്തിൽ, ജപമാല ചൊല്ലുമ്പോൾ അതിന്റെ നിയോഗമെന്താണെന്ന് അന്വേഷിച്ചപ്പോൾ, "ഇന്ന് വൈദികരുടെ സ്ഥലമാറ്റമാണ്, അതിനാൽ മഴപെയ്യാതിരിക്കാൻ പ്രാർത്ഥിക്കുകയാണ്" എന്ന് പിതാവ് പറഞ്ഞതായി ഗ്രിഗറി പരുവപ്പറമ്പിലച്ചൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ജപമാലഭക്തനായ കാവുകാട്ട് പിതാവ്, ആ ആത്മീയഭക്തി ദൈവജനത്തിന്റെ ഇടയിൽ പ്രചരിപ്പിക്കുന്നതിനായി തന്നാലാവുന്നതെല്ലാം ചെയ്തു.


കുടുംബങ്ങളിൽ ജപമാല ചൊല്ലുന്നതിന്റെ പ്രാധാന്യത്തെയും അതിൽ പുലർത്തേണ്ട ഭക്തിയെയുംകുറിച്ച് കാവുകാട്ട് പിതാവ് തന്റെ ഇടയലേഖനത്തിൽ എത്ര മനോഹരമായാണ് കുറിച്ചിരിക്കുന്നത്:

"വർണ്ണവിശേഷംകൊണ്ടും സൗരഭ്യംകൊണ്ടും പുഷ്പങ്ങളുടെയെല്ലാം റാണിയാണ് റോസാപ്പുഷ്പം. പ്രാർത്ഥനകളിൽ ജപമാലയ്ക്കുള്ള സ്ഥാനവും ഇതുതന്നെയാണ്. അരുണോദയത്തിൽ വികസിച്ചു നിൽക്കുന്ന ഒരു റോസാപ്പൂവ് ആരെയാണ് ആകർഷിക്കാത്തത്? എന്നാൽ അത് വാടിക്കരിഞ്ഞ് ദളങ്ങൾ കൊഴിഞ്ഞുതുടങ്ങുമ്പോൾ ആരും അതിനെ നോക്കാറില്ല, എടുക്കാറില്ല. വേണ്ടത്ര ശ്രദ്ധയും ഭക്തിയും ഇല്ലാതെ, വാക്കുകൾ ശരിയായി ഉച്ചരിക്കാതെ ചൊല്ലിക്കൂട്ടുന്ന 'നന്മനിറഞ്ഞ മറിയമേ' വാടിക്കരിഞ്ഞ റോസാപ്പൂവിന് തുല്യമാണ്. ദൈവമാതാവിന്റെ തിരുസ്വരൂപത്തിന് മുൻപാകെ കുടുംബത്തിലെ

അംഗങ്ങളെല്ലാം ഒന്നിച്ചുകൂടി 'അമ്മേ, അമ്മേ' എന്ന് ആ മധുരനാമം വിളിച്ച പേക്ഷിക്കുമ്പോൾ ആ നല്ല അമ്മ ആ കുടുംബത്തെ എങ്ങനെ അനുഗ്രഹിക്കാതിരിക്കും?"

അമലോത്ഭവ ജനനം വിശ്വാസസത്യമായി പ്രഖ്യാപിച്ചതിന്റെ നൂറാം വാർഷികം 1954-ൽ മരിയൻവർഷമായിട്ടാണ് ആഗോളസഭ ആചരിച്ചത്. ഭാരത കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ മുംബെയിൽ സംഘടിപ്പിക്കപ്പെട്ട മരിയൻ കോൺഗ്രസിൽ ഒരുദിവസം ശിശുദിനമായി മാറ്റിവച്ചിരുന്നു. അന്ന് ശിശുക്കളെ അഭിസംബോധന ചെയ്തുകൊണ്ട് സുവിശേഷപ്രസംഗം നടത്തിയത് കാവുകാട്ട് പിതാവായിരുന്നു. കുട്ടികൾക്ക് എളുപ്പത്തിൽ മനസ്സിലാകുന്ന രീതിയിൽ അമലോത്ഭവം എന്ന വിശ്വാസസത്യം ലളിതമായും ഹൃദ്യമായും പറഞ്ഞുകൊടുക്കാനുള്ള കാവുകാട്ട് പിതാവിന്റെ കഴിവ് സവിശേഷമായിരുന്നു. എഴുപത് വർഷങ്ങൾ പിന്നിട്ടെങ്കിലും, അന്നത്തെ ആ വാക്കുകൾ ഇന്നത്തെ കുട്ടികൾക്കും മനസ്സിൽ തട്ടുന്നവിധം കാലാതീതമായി നിലകൊള്ളുന്നു. ഒരു ഭാഗം ഉദ്ധരിക്കാം: "പ്രിയ കുട്ടികളേ, നമ്മെ സ്നേഹിക്കുകയും നമ്മുടെ സ്നേഹത്തിന് സർവദാ അർഹയായിരിക്കുകയും ചെയ്യുന്ന ഈ അമ്മയുടെ ചുറ്റും ഓടിക്കൂടി അവളുടെ മാധുര്യംനിറഞ്ഞ വാത്സല്യപ്രകടനങ്ങൾ ആസ്വദിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ലേ? കൊള്ളാം, അവളുടെ വാത്സല്യത്തിന് നിങ്ങൾ പാത്രീഭവിക്കണമെങ്കിൽ നിങ്ങൾ അവളെ പ്രസാദിപ്പിക്കേണ്ടിയിരിക്കുന്നു. നിങ്ങളുടെ ആത്മാവിന്റെ ആന്തരികസൗന്ദര്യംപോലെ മറ്റൊന്നും അമലോത്ഭവയായ അമ്മയെ പ്രസാദിപ്പിക്കുവാൻ പര്യാപ്തമല്ല എന്ന് നിങ്ങൾ അറിയണം. ശരീരശുചിത്വത്തിലും ഭംഗിയായ വസ്ത്രധാരണത്തിലും മനുഷ്യരുടെ മുൻപിൽ നന്നായി പ്രത്യക്ഷപ്പെടുന്നതിലും നിങ്ങൾ ശ്രദ്ധയുള്ളവരാണ്. ഇപ്രകാരമുള്ള ശ്രദ്ധ നിങ്ങളുടെ ആത്മാവിനെ നിർമ്മലമായി സൂക്ഷിക്കുന്നതിനും അതിനെ പുണ്യങ്ങളാൽ അലങ്കരിക്കുന്നതിനും നിങ്ങൾ കാണിക്കാറുണ്ടോ? നിങ്ങൾക്ക് ഒരു ആത്മാവുണ്ടെന്നും അതിനോട് താരതമ്യപ്പെടുത്തുമ്പോൾ നിങ്ങളുടെ ശരീരം കേവലം നിസ്സാരമെന്നും നിങ്ങൾ മറന്നുകളയരുത്."

1954-ലെ മരിയൻ വർഷാചരണത്തിനുശേഷം, 'പിതാവ് കുഞ്ഞുമക്കളോട് സംസാരിക്കുന്നു' എന്ന പേരിൽ ഒരു പംക്തിതന്നെ അദ്ദേഹം 'വേദപ്രചാര മധ്യസ്ഥൻ' മാസികയിൽ എഴുതാൻ ആരംഭിച്ചു. വേദപാഠക്ലാസുകളിൽ കുട്ടികൾക്ക് വായിക്കാൻ ഉദ്ദേശിച്ചുകൂടിയാണ് അദ്ദേഹം ഇത് തയ്യാറാക്കിയത്. ലൂർദിലെ മരിയൻ പ്രത്യക്ഷീകരണത്തിന്റെ ശതാബ്ദി വാർഷികമായ 1958-ൽ, ലൂർദിന്റെ ചരിത്രവും വിശുദ്ധ ബെർണദീത്തയുടെ ജീവിതവും കുട്ടികൾക്കായുള്ള തന്റെ കത്തുകളിലൂടെ അദ്ദേഹം ലളിതമായി വിശദീകരിച്ചു നൽകി. തിരുവനന്തപുരം ഉൾപ്പെടെയുള്ള തെക്കൻമേഖലയിലേക്ക് അജപാലനാധികാരം ലഭിച്ചതോടെ, തലസ്ഥാനത്ത് സ്ഥാപിക്കുന്ന പുതിയ ദൈവാലയം ലൂർദുമാതാവിന്റെ നാമധേയത്തിൽ സ്ഥാപിക്കുവാൻ ആ മരിയൻവർഷത്തിൽതന്നെ അദ്ദേഹം തീരുമാനമെടുത്തു. തന്റെ അജപാലനശുശ്രൂഷകൾക്ക് കരുത്തേകിയതും ഈ മരിയൻ ആത്മീയതതന്നെയായിരുന്നു. പുണ്യശ്ലോകനായ കാവുകാട്ടു പിതാവിന്റെ 57-ാമത് ശ്രാദ്ധത്തിരുനാൾ ആചരിക്കുന്ന ഈ വേളയിൽ, അദ്ദേഹത്തിന്റെ അചഞ്ചലമായ മാതൃഭക്തി നമുക്കെന്നും മാതൃകയും വഴികാട്ടിയും തുണയുമായി തീരട്ടെ.



ദൈവികമായ ശാന്തതയോടെ നിത്യഭവനത്തിലേക്ക്...



ഫാ. ക്രിസ്റ്റി കൂട്ടുമ്മേൽ

തന്റെ പേരിനു കാരണക്കാരനായ വിശുദ്ധ ഡൊമിനിക്കിനെപ്പോലെ ത്യാഗപൂർണവും ലളിതവുമായിരുന്നു അച്ചന്റെയും ജീവിതം. എല്ലാക്കാലത്തും ആഡംബരങ്ങളിൽനിന്നും ആർഭാടങ്ങളിൽനിന്നും ബഹളങ്ങളിൽനിന്നും അകന്നുനിന്ന ഡൊമിനിക്കച്ചൻ ഈശോയെപ്പോലെ എളിമയോടും ശാന്തതയോടുംകൂടി തന്റെ ജീവിതബലി പൂർത്തിയാക്കി.

91 വർഷങ്ങൾ ഈ ലോകത്തിൽ ജീവിക്കാനും അതിൽ 65 വർഷങ്ങൾ കർത്താവിന്റെ പുരോഹിതനായിരിക്കാനും ഭാഗ്യം ലഭിച്ച വ്യക്തിയായിരുന്നു ബഹു. ഡൊമിനിക് പാലത്തുങ്കലച്ചൻ. ദൈവം ഏൽപിച്ച നിയോഗങ്ങളും ഉത്തരവാദിത്വങ്ങളും വിശ്വസ്തതയോടും ആത്മാർത്ഥതയോടുംകൂടെ അദ്ദേഹം നിർവഹിച്ചു. ദൈവികമായ ശാന്തതയോടെ അച്ചൻ തന്റെ പിതൃഭവനത്തിലേക്കു മടങ്ങുമ്പോൾ മാതൃകാപരമായ ആ പൗരോഹിത്യ ജീവിതത്തെ അനുസ്മരിക്കുന്നതു നമുക്കേറെ പ്രചോദനാത്മകവും ഉപകാരപ്രദവുമായിരിക്കും.

ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ഇടവകയിൽ പാലത്തുങ്കൽ ചാക്കോ-മറിയം ദമ്പതികളുടെ മകനായി 1935 ജൂലൈ 31നു ബഹു. ഡൊമിനിക്കച്ചൻ ഭൂജാതനായി. പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ചങ്ങനാശേരി പാറേൽ സെന്റ് തോമസ് പെറ്റി സെമിനാരിയിൽ വൈദികപരിശീലനത്തിന്റെ ആദ്യഘട്ട

വും തുടർന്ന് ആലുവ മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്രപഠനവും ദൈവശാസ്ത്രപഠനവും പൂർത്തിയാക്കി. 1961 മാർച്ച് 12ന് ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന്റെ കൈവയ്പുവഴി പൗരോഹിത്യം സ്വീകരിച്ചു. തുടർന്ന് ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, തക്കല രൂപതകളിൽ വിവിധ ശുശ്രൂഷാമേഖലകളിൽ അദ്ദേഹം സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചു. ചങ്ങനാശേരി അതിരൂപതയിലെ തൃക്കൊടിത്താനം, പൂന്തോപ്പ്, വേഴപ്രാ, തത്തംപള്ളി, വേരൂർ, എടത്വാ, ഇത്തിത്താനം, കുടമാളൂർ, മാമ്മൂട് തുടങ്ങിയ ഇടവകകളിൽ പാലത്തുങ്കലച്ചൻ തന്റെ അജപാലനശുശ്രൂഷ നിർവഹിച്ചു. എല്ലായിടത്തും ദൈവജനത്തിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയിൽ അദ്ദേഹം പ്രത്യേക ശ്രദ്ധപതിപ്പിച്ചിരുന്നു. 1979 മുതൽ 1982 വരെ ചങ്ങനാശേരി അതിരൂപതയുടെ പ്രൊക്യുറേറ്ററായി സേവനമനുഷ്ഠിച്ച ഡൊമിനിക്കച്ചൻ അതിരൂപതയുടെ പൊതുവായ വളർച്ചയ്ക്കും തന്റേതായ സംഭാവനകൾ നൽകി.

1993 മുതൽ 2007 വരെയുള്ള 14 വർഷങ്ങൾ പാലത്തുങ്കലച്ചൻ തക്കല രൂപതയിൽ ശ്രദ്ധേയമായ അജപാലനശുശ്രൂഷ നിർവഹിച്ചു. തക്കല രൂപതയുടെ ആരംഭകാലത്ത് രൂപതാ സിഞ്ചെല്ലൂസ് ആയി നിയോഗിക്കപ്പെട്ട ഡൊമിനിക്കച്ചൻ രൂപതയുടെ ആത്മീയ-ഭൗതിക വളർച്ചയിൽ പ്രത്യേക ശ്രദ്ധചെലുത്തി. ബിഷപ്സ് ഹൗസ്, പാസ്റ്ററൽ സെന്റർ, വിവിധ മിഷൻ സ്റ്റേഷനുകൾ എന്നിവയ്ക്കുവേണ്ടി ഭൗതികസാഹചര്യങ്ങൾ ഒരുക്കിയതിലും ഇപ്പോൾ സജീവ ഇടവകകളായി രൂപപ്പെട്ടിരിക്കുന്ന മിഷൻ സ്റ്റേഷനുകൾ ആരംഭിച്ചതിലും അച്ചന്റെ പങ്കു വലുതായിരുന്നു. പാലത്തുങ്കലച്ചൻ തക്കലയിൽനിന്നു ചങ്ങനാശേരിയിലേക്കു തിരിച്ചുപോരുന്ന അവസരത്തിൽ അന്നത്തെ തക്കല രൂപതാധ്യക്ഷനായിരുന്ന മാർ ജോർജ് ആലഞ്ചേരി പിതാവ് എഴുതിയ സർക്കുലർ ഡൊമിനിക്കച്ചന്റെ തക്കല രൂപതയിലെ ശുശ്രൂഷയുടെ ആഴം വെളിപ്പെടുത്തുന്നതാണ്. അതിൽ നിന്നുള്ള ഒരു ഭാഗം താഴെകൊടുക്കുന്നു.

"പെ. ബഹു. ഡൊമിനിക്കച്ചൻ വൈദികർക്കും ജനങ്ങൾക്കും ഒരു മാതൃകാ വൈദികനായിരുന്നു. പ്രാർത്ഥനാജീവിതത്തിലും ആരാധനാശുശ്രൂഷകളുടെ പരികർമ്മത്തിലും ശരിയായ നിഷ്ഠയും ക്രമവും അദ്ദേഹം പാലിച്ചിരുന്നു. 1993 മുതൽ അദ്ദേഹം കന്യാകുമാരി മിഷനിൽ സേവനം ചെയ്തിരുന്നു. തക്കല രൂപത സ്ഥാപിതമായതിനുശേഷം രൂപതയുടെ ആദ്യത്തെ ഫിനാൻസ് ഓഫീസർ എന്ന നിലയിലും പിന്നീട് ചാൻസലർ, പ്രോട്ടോ സിഞ്ചെല്ലൂസ് എന്നീ നിലകളിലും അച്ചൻ ചെയ്തിട്ടുള്ള സേവനം നിസ്തുലമാണ്. രൂപതയുടെ പൊതുസ്ഥാപനങ്ങൾക്കും മിഷൻകേന്ദ്രങ്ങൾക്കും ആവശ്യകമായ സ്ഥലങ്ങൾ വാങ്ങുക, രേഖകൾ ഉണ്ടാക്കി സൂക്ഷിക്കുക, കണക്കുകൾ കൃത്യമായി എഴുതി സമർപ്പിക്കുക എന്നിങ്ങനെ ഏറ്റം ശ്രമകരമായ ജോലികളാണ് കഴിഞ്ഞ പത്തു വർഷമായി അച്ചൻ ചെയ്തുകൊണ്ടിരുന്നത്. അതോടൊപ്പം രൂപതയിലെ സന്യാസിനികളുടെ പൊതുവായ ആനിമേറ്റർ, സെന്റ് വിൻസന്റ് ഡി പോൾ സഖ്യത്തിന്റെ ആധ്യാത്മിക ഉപദേഷ്ടാവ്, വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ കോർഡിനേറ്റർ, സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രസിഡന്റ് എന്നീ നിലകളിലും അച്ചൻ സേവനം ചെയ്തു. ഈ ജോലികളുടെ കഠിനമായ ക്ലേശങ്ങൾ അച്ചന്റെ ആരോഗ്യത്തിനുതന്നെ ഹാനികരമായി. തക്കല രൂപതയിലെ അജപാലനഘടനയ്ക്കു

ഊടുംപാവും യഥാവിധി ചേർക്കുന്നതിന് ഏറ്റവുമധികം കഠിനാധ്വാനം ചെയ്ത ആളാണ് ബഹു. ഡൊമിനിക്കച്ചൻ. അതിനാൽ, അദ്ദേഹത്തോട് ഈ രൂപത എന്നും കടപ്പെട്ടിരിക്കും. ഈ രൂപതയുടെ ചരിത്രത്തിൽ അദ്ദേഹത്തിന്റെ പേര് തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടേണ്ടതാണ്.'' ഇക്കാര്യങ്ങൾ ബഹു. പാലത്തുങ്കലച്ചന്റെ മൃതസംസ്കാരശുശ്രൂഷാവേളയിൽ കർദ്ദിനാൾ ആലഞ്ചേരി പിതാവ് പ്രത്യേകം അനുസ്മരിക്കുകയുണ്ടായി.

തക്കല രൂപതയിലെ ശുശ്രൂഷകൾക്കുശേഷം മാതൃരൂപതയിലേക്കു തിരിച്ചു വന്ന ബഹു. പാലത്തുങ്കലച്ചൻ മാമ്മൂട് ലൂർദ്മാതാ ഇടവകയുടെ വികാരിയായിട്ടാണ് നിയോഗിക്കപ്പെട്ടത്. വലിയ അജപാലനതീക്ഷ്ണതയോടെ തന്റെ പുതിയ കർമമേഖലയെ പുണരുന്ന ഡൊമിനിക്കച്ചനെയാണ് അച്ചന്റെകൂടെ കൊച്ചച്ചനായി ശുശ്രൂഷചെയ്യാൻ നിയോഗിക്കപ്പെട്ട എനിക്കവിടെ കാണാൻ സാധിച്ചത്. അവിടെവച്ച് അച്ചനുമായുള്ള അടുത്ത പരിചയത്തിൽ എനിക്കു ബോധ്യമായ അച്ചന്റെ ചില സവിശേഷതകളും ഗുണങ്ങളും സൂചിപ്പിക്കുന്നത് ഉചിതമായിരിക്കുമെന്നു കരുതുന്നു.

സഭയെക്കുറിച്ച് ആഴമായ ബോധ്യങ്ങളുള്ള ഒരു പുരോഹിതനായിരുന്നു ബഹു. പാലത്തുങ്കലച്ചൻ. മാതൃസഭയെ ഏറെ സ്നേഹിച്ചിരുന്ന അദ്ദേഹം നമ്മുടെ സഭയുടെ പാരമ്പര്യങ്ങളോടു പൂർണമായ വിശ്വസ്തത പാലിക്കുകയും ആരാധനാക്രമാനുഷ്ഠാനങ്ങൾ കൃത്യമായി നിർവഹിക്കണമെന്നു നിർബന്ധം പുലർത്തുകയും ചെയ്ത വ്യക്തിയായിരുന്നു. പരിശുദ്ധ കുർബാന അതിന്റെ പൂർണതയിൽ അർപ്പിക്കാനും യാമപ്രാർഥനകൾ കൃത്യമായി ചൊല്ലാനും ദീർഘനേരം വ്യക്തിപരമായി പ്രാർഥിക്കാനും അച്ചൻ ശ്രദ്ധിച്ചിരുന്നു. ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും ഓരോ ദിവസവുമുള്ള പരിശുദ്ധ കുർബാനകളിൽ പകുതിയെങ്കിലും അർപ്പിക്കാനും കുടുംബക്കൂട്ടായ്മകളിൽ പകുതിയെങ്കിലത്തിനു നേതൃത്വം കൊടുക്കാനും അച്ചൻ നിർബന്ധപൂർവം ശ്രദ്ധിച്ചിരുന്നു. ഞായറാഴ്ചകളിലെ വചനപ്രഘോഷണം എല്ലാ കുർബാനകളിലും ഒരുപോലെ നടത്തപ്പെടണം എന്നുള്ള അച്ചന്റെ നിഷ്ഠയിൽ പ്രസംഗങ്ങൾ ഒന്നിച്ചൊരുങ്ങാനും ഒരുപോലെ പറയാനും അതുവഴി ഇടവകജനത്തിനു മുഴുവൻ ഒരേ സന്ദേശം നൽകാനും സാധിച്ചതു പ്രത്യേകം അനുസ്മരിക്കുന്നു.

തന്റെ പൗരോഹിത്യ ജീവിതത്തിൽ എന്നും അടിയുറച്ച ആദർശങ്ങൾ പുലർത്തിയ വൈദികനായിരുന്നു പാലത്തുങ്കലച്ചൻ. ജീവിതത്തിലുടനീളം സത്യത്തിനും നീതിക്കും അദ്ദേഹം ഏറെ പ്രാധാന്യം നൽകിയിരുന്നു. സാമ്പത്തിക കാര്യങ്ങളിലും മറ്റെല്ലാ പ്രവർത്തനങ്ങളിലും തികഞ്ഞ സുതാര്യതയും സത്യസന്ധതയും നിറഞ്ഞ ശുശ്രൂഷയായിരുന്നു അച്ചന്റേത്. പള്ളിയുടെ കണക്കുകളുടെ കാര്യത്തിൽ അദ്ദേഹം പുലർത്തിയിരുന്ന കൃത്യതയും കണിശതയും മാതൃകാപരമായിരുന്നു. അക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയ്ക്കും അച്ചൻ തയ്യാറായിരുന്നില്ല. മാസാവസാനം അദ്ദേഹത്തിനു വെഞ്ചരിപ്പിനും മറ്റും ലഭിച്ച തുകയുടെ പകുതി എനിക്കു നൽകാൻ വരുന്ന അച്ചന്റെ ചിത്രം എന്റെ മനസിലുണ്ട്. തുക കൃത്യമായി വിഭജിച്ചു ചില്ലറയുൾപ്പെടെ നൽകിയിട്ട് അതു കൊച്ചച്ചന് അവകാശപ്പെട്ടതാണ് എന്നുപറയുന്ന അച്ചന്റെ സത്യസന്ധതയും ഔദാര്യവും ഇന്നും മനസിൽ തെളിഞ്ഞുനിൽക്കുന്നു. അതുപോലെ വേർതിരിവില്ലാതെ എല്ലാവരെയും ഒരേപോലെ കാണാനും നീതിക്കുനിരക്കുന്ന



"പെ. ബഹു. ഡൊമിനിക്കച്ചൻ വൈദികർക്കും ജനങ്ങൾക്കും ഒരു മാതൃകാ വൈദികനായിരുന്നു. പ്രാർത്ഥനാജീവിതത്തിലും ആരാധനാശുശ്രൂഷകളുടെ പരികർമ്മത്തിലും ശരിയായ നിഷ്ഠയും ക്രമവും അദ്ദേഹം പാലിച്ചിരുന്നു. 1993 മുതൽ അദ്ദേഹം കന്യാകുമാരി മിഷനിൽ സേവനം ചെയ്തിരുന്നു. തക്കല രൂപത സ്ഥാപിതമായതിനുശേഷം രൂപതയുടെ ആദ്യത്തെ ഫിനാൻസ് ഓഫീസർ എന്ന നിലയിലും പിന്നീട് ചാൻസലർ, പ്രോട്ടോ സിഞ്ചെള്ളൂസ് എന്നീ നിലകളിലും അച്ചൻ ചെയ്തിട്ടുള്ള സേവനം നിസ്തുലമാണ്.

- മാർ ജോർജ് ആലഞ്ചേരി

നിലപാടുകൾ മാത്രം സ്വീകരിക്കാനും ഡൊമിനിക്കച്ചനു സാധിച്ചിരുന്നു. പണക്കാരനും പാവപ്പെട്ടവനും അച്ചന് ഒരുപോലെയായിരുന്നു. മറ്റു പരിഗണനകളൊന്നുമില്ലാതെ, കാര്യങ്ങളുടെ മെറിറ്റ് മാത്രം പരിഗണിച്ചായിരുന്നു അദ്ദേഹം തീരുമാനങ്ങളെടുത്തിരുന്നത്.

പുറമേ ഗൗരവക്കാരനെന്നു തോന്നുമ്പോഴും കരുണയും സ്നേഹവുമുള്ള ഒരു ഹൃദയമായിരുന്നു അച്ചന്റേത്. ആരുമറിയാതെ ബുദ്ധിമുട്ടനുഭവിക്കുന്നവരെ സഹായിക്കാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അതോടൊപ്പം അധികാരികളോടു വിധേയത്വവും സഹോദരവൈദികരോടു സ്നേഹവും പുലർത്തിയിരുന്ന വ്യക്തിത്വമായിരുന്നു അച്ചന്റേത്. ധാരാളം തമാശകൾ പറയുകയും ആസ്വദിച്ചു ചിരിക്കുകയും ചെയ്യുന്ന പാലത്തുങ്കലച്ചനെ അടുത്തറിയാവുന്നവർ മറക്കുകയില്ല. അച്ചനിൽ വിളങ്ങിയിരുന്ന വലിയ ഒരു ഗുണമായിരുന്നു ജീവിതലാളിത്യം. തന്റെ പേരിനു കാരണക്കാരനായ വിശുദ്ധ ഡൊമിനിക്കിനെപ്പോലെ ത്യാഗപൂർണവും ലളിതവുമായിരുന്നു അച്ചന്റെയും ജീവിതം. എല്ലാക്കാലത്തും ആഡംബരങ്ങളിൽനിന്നും ആർഭാടങ്ങളിൽനിന്നും ബഹളങ്ങളിൽ നിന്നും അകന്നുനിന്ന ഡൊമിനിക്കച്ചൻ ഈശോയെപ്പോലെ എളിമയോടും ശാന്തതയോടുംകൂടി തന്റെ ജീവിതബലി പൂർത്തിയാക്കി.

2026 ജൂലൈ 12ന് ഇഹലോകവാസം വെടിഞ്ഞ ബഹു. പാലത്തുങ്കലച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾ 2026 ജൂലൈ 15നു ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ നടത്തപ്പെട്ടു. ശുശ്രൂഷകൾക്കു കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം, ബിഷപ് മാർ ജോർജ് രാജേന്ദ്രൻ തുടങ്ങിയവർ കാർമികരായിരുന്നു.

ജീവിതത്തിൽ ദൈവം നൽകിയതെല്ലാം നന്ദിയോടെ സ്വീകരിച്ചു നിത്യതയിലേക്കു യാത്രയായ ഡൊമിനിക്കച്ചന്റെ ആത്മശാന്തിക്കായി നമുക്കു പ്രാർത്ഥിക്കാം. ദൈവജനത്തിന്റെ വിശ്വസ്ത ഇടയനായിരുന്ന ബഹു. അച്ചനു കരുണാമയനായ ദൈവം നിത്യശാന്തിയും സ്വർഗസൗഭാഗ്യവും നൽകട്ടെ.

(വേദപ്രചാരമദ്ധ്യസ്ഥനിൽ നിന്ന്)

നസ്രാണി ക്വിസ് 2026

കോർഡിനേഷൻ ടീം:
സന്ദേശനിലയം, യുവദീപ്തി എസ്.എം.വൈ.എം.
ഫാമിലി അപ്പോസ്തലേറ്റ്, കെ.സി.എസ്.എൽ.

ഘട്ടം 1: ഇടവക തലം (Parish Level) ഒക്ടോബർ 18 ഞായറാഴ്ച

1-2 വിഭാഗങ്ങൾക്ക് സൺഡേ സ്കൂൾ സമയം

3-5 വിഭാഗങ്ങൾക്ക് ഉച്ചകഴിഞ്ഞു 03:00 -04:30

മത്സരരീതി:

മൾട്ടിപ്പിൾ ചോയ്സ് ക്വസ്റ്റ്യൻ പേപ്പർ (MCQ).
ആകെ മാർക്ക്: 100 (1 ചോദ്യത്തിന് 1 മാർക്ക് വീതം)

പ്രായമനുസരിച്ചുള്ള തരംതിരിവ് (5 വിഭാഗങ്ങൾ):

1 5-ാം ക്ലാസ് മുതൽ 7-ാം ക്ലാസ് വരെയുള്ള സൺഡേസ്കൂൾ കുട്ടികൾ.

2. 8-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള സൺഡേസ്കൂൾ കുട്ടികൾ.

3. 12-ാം ക്ലാസ് സൺഡേസ്കൂൾ കഴിഞ്ഞവർ മുതൽ 30 വയസ്സ് വരെയുള്ളവർ (1995 ജനുവരി 1-നു ശേഷം ജനിച്ചവർ).

4. 1975 ജനുവരി 1-നും 1994 ഡിസംബർ 31-നും ഇടയിൽ ജനിച്ചവർ വരെയുള്ളവർ

5. 1974 ഡിസംബർ 31-നോ അതിനുമുമ്പോ ജനിച്ചവർ

പഠന ഗ്രന്ഥം:

- ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും - സി. ജെസ്ലിൻ തോമസ് JS (സമുദായ ശക്തീകരണവർഷം മിഷൻലീഗ് പഠനഗ്രന്ഥം) (1-2 വിഭാഗങ്ങൾക്ക്)
- സീറോമലബാർ സഭ സമുദായ ശക്തീകരണ വർഷം 2026 കൈപ്പുസ്തകം അനുബന്ധം ഉൾപ്പെടെ സീറോമലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ (3-5 വരെയുള്ള വിഭാഗങ്ങൾക്ക്)

തിരഞ്ഞെടുപ്പ് രീതി:

ഓരോ വിഭാഗത്തിൽ നിന്നും ഏറ്റവും കൂടുതൽ മാർക്ക് നേടുന്ന ഒരു ആണും ഒരു പെണ്ണും ഫൊറോന തല മത്സരത്തിന് യോഗ്യത നേടുന്നു (10 പേർ). ഏറ്റവും കൂടുതൽ മാർക്ക് നേടിയ കൂടുതൽ പേർ ഉണ്ടെങ്കിൽ അവ രെല്ലാവരും ഫൊറോന മത്സരത്തിന് യോഗ്യരാകുന്നു. എല്ലാ വിഭാഗത്തിലും ഇത് ബാധകമാണ്. (ഇടവക തലത്തിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങുന്ന 10 പേർക്ക് ഇടവകയിൽ വെച്ച് സമ്മാനം നൽകുന്നത് അഭികാമ്യമാണ്).



ചങ്ങനാശ്ശേരി സെന്റ് മേരീസ്
മെത്രാപ്പോലീത്തൻ പള്ളിയങ്കണത്തിലെ
മാർത്ത് മറിയം കബറിടപ്പള്ളിയിൽ



ദൈവദാസൻ മാർ മാത്യു കാവുകാട്ടു പിതാവിന്റെ 57-ാമതു ശ്രാദ്ധപ്പെരുന്നാൾ

ഒക്ടോബർ 1 മുതൽ 9 വരെ

മെഴുകുതിരിപ്രദക്ഷിണം: ഒക്ടോബർ 8, വൈകുന്നേരം 6.30 ന്
പൊതിച്ചോർ നേർച്ച: ഒക്ടോബർ 9, ഉച്ചയ്ക്ക് 12.30 ന്

ഒക്ടോബർ 1 മുതൽ 8 വരെ എല്ലാദിവസവും

4:30 pm : റംശാ
5:00 pm : **പരി. കുർബാന,** മാധ്യസ്ഥ്യപ്രാർഥന, ഒപ്പീസ്

ഒക്ടോബർ 9 — ശ്രാദ്ധപ്പെരുന്നാൾദിനം

**(ഉച്ചവരെയുള്ള പരിശുദ്ധ കുർബാനയർപ്പണങ്ങൾ വലിയപള്ളിയിൽ
അനുസ്മരണശുശ്രൂഷകൾ കബറിടപ്പള്ളിയിൽ)**

05:30 am : പരി. കുർബാന, ഒപ്പീസ്
കാർമ്മികത്വം : വെരി റവ. ഫാ. ജോസഫ് വാണിയപ്പുരക്കൽ (മെത്രാപ്പോലീത്തൻ പള്ളി വികാരി)
വെരി റവ. ഫാ. സെബാസ്റ്റ്യൻ പുന്നശ്ശേരി (തൃക്കൊടിത്താനം ഫൊറോനാ വികാരി)
വെരി റവ. ഫാ. ജേക്കബ് ചിരംവേലിൽ (തുരുത്തി ഫൊറോന വികാരി)

07:00 am : പരി. കുർബാന, ഒപ്പീസ്
കാർമ്മികത്വം : ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം (എമരിത്തൂസ് മെത്രാപ്പോലീത്താ)
നവ വൈദികർ സഹകാർമ്മികരാകുന്നു

08:30 am : പരി. കുർബാന, ഒപ്പീസ്
കാർമ്മികത്വം : വെരി റവ. ഫാ. ജയിംസ് പാലക്കൽ (ചമ്പക്കുളം ഫൊറോനാ വികാരി)
വെരി റവ. ഫാ. ജയിംസ് കുന്നിൽ (പുളിങ്കുന്നു ഫൊറോന വികാരി)
വെരി റവ. ഫാ. മാത്യു പടിഞ്ഞാറെക്കുറ്റ് (അതിരമ്പുഴ ഫൊറോനാ വികാരി)

9:45 am : പരി. കുർബാന, ഒപ്പീസ്
കാർമ്മികത്വം : ദൈവദാസൻ കാവുകാട്ട് പിതാവ് പുരോഹിത പട്ടം നൽകിയവരും
സെമിനാരിയിലേക്ക് സ്വീകരിച്ചവരുമായ വൈദികർ

11:00 am : പരി. കുർബാന, ഒപ്പീസ്
കാർമ്മികത്വം : കർദിനാൾ മാർ ജോർജ് ആലഞ്ചേരി (മേജർ ആർച്ചുബിഷപ്പ് എമരിത്തൂസ്)
നവ വൈദികർ സഹകാർമ്മികരാകുന്നു.

12:15 pm : പൊതിച്ചോർ നേർച്ച ആശീർവാദം
വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ (മെത്രാപ്പോലീത്തൻ പള്ളി വികാരി)

3:15 pm : പരി. കുർബാന, ഒപ്പീസ്
കാർമ്മികത്വം : അതിരൂപതാ കൂരിയായിൽ ശുശ്രൂഷ ചെയ്യുന്ന പെരിയ ബഹു. വൈദികർ

4:30 pm : പരി. കുർബാനയുടെ ആരാധന, വാഴ്വ്
നയിക്കുന്നത് : റവ. ഫാ. വർഗീസ് ഇലഞ്ഞിപ്പറമ്പിൽ

5:00 pm : പരി. കുർബാന, ഒപ്പീസ്
കാർമ്മികത്വം : ആർച്ചുബിഷപ്പ് മാർ ജോർജ് കോച്ചേരി (മുൻ അപ്പസ്തോലിക് നുൻഷ്യോ)
സഹകാർമ്മികർ : ചെത്തിപ്പുഴ ആശുപത്രിയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർ



കുര്യാളശേരി പിതാവിന്റെ ചരമവാർഷികം


















പരിസ്ഥിതിദിനം




പെരുന്തോട്ടം പിതാവിന്റെ ജന്മദിനം




സൺഡേസ്കൂൾ പ്രവേശനോത്സവം






മെരിറ്റ് ഡേ









നസ്രാണി സംഗമം 2026















മാതൃവേദി - പിതൃവേദി











യുവദീപ്തി













ചെറുപുഷ്പ മിഷൻലീഗ്













പ്രവാസി സംഗമം





ചാൾസ് ലവീഞ്ഞ് പിതാവിന്റെ ഓർമ















മറ്റം കർമലമാതാവിന്റെ തിരുനാൾ



സെന്റ് അൽഫോൻസാ തിരുനാൾ





പന്തക്കുസ്താദിനം





സ്വർഗാരോപണ തിരുനാൾ




കാക്കാംതോട് കുരിശടി തിരുനാൾ






പാലത്തുങ്കൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾ








എട്ടുനോമ്പും പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളും

സസ്യമാർക്കറ്റ് കുരിശടി വെഞ്ചരിപ്പും പരിശുദ്ധ വ്യാകുലമാതാ തിരുനാളും


















കാവുകാട്ട് ഭവനനിർമാണം





അവധിക്കാല ചലഞ്ച്

തയ്യാറാക്കിയത്: ജിയന്ന പുത്തൻപറമ്പിൽ

ഓപ്പറേഷൻ തൂഫാൻ

ദി നാർകോ ഹണ്ട്





ടോം കുര്യൻ തോപ്പിൽ

> പോലീസ്, എക്സൈസ്, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ ബഹുജനപങ്കാളിത്തത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്ന മയക്കുമരുന്ന് വേട്ടയ്ക്കു കേരള സർക്കാർ കൊടുത്തിരിക്കുന്ന പേരാണ് ഓപ്പറേഷൻ തൂഫാൻ.

സംസ്ഥാനത്ത് മയക്കുമരുന്ന് ശൃംഖലയെ തകർക്കുന്നതിനായി കേരളസർക്കാർ ആവിഷ്ക്കരിച്ച ലഹരിപ്രതിരോധ കർമ്മപദ്ധതിയാണ് ഓപ്പറേഷൻ തൂഫാൻ - ദി നാർകോട്ടിക് ഹണ്ട്. 2026 ജൂൺ 2-ാം തീയതിയിലാണ് പ്രസ്തുത പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം കോട്ടൻ ഹിൽ ഹയർ സെക്കണ്ടറി സ്കൂളിൽ വച്ച് മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്തു. തൂഫാൻ എന്ന വാക്കിന്റെ അർത്ഥം കൊടുങ്കാറ്റ് എന്നാണ്. ആന്റി നാർകോട്ടിക് ഹണ്ട് ആണ് ഓപ്പറേഷൻ തൂഫാൻ.

കേരളീയ യുവജനങ്ങളെ കഴിഞ്ഞ പത്തുവർഷമായി ലഹരി എന്ന മഹാവിപത്തിനെ സമ്പൂർണ്ണമായി വേരറക്കുന്ന കർമ്മപദ്ധതിയാണിത്. മദ്യം, മയക്കുമരുന്ന്, സിഗരറ്റ്, പാൻമസാല, കഞ്ചാവ്, എം.ഡി.എം.എ, ബ്രൗൺ ഷുഗർ തുടങ്ങിയ രാസലഹരിയുടെ കരാളഹസ്തങ്ങളിൽ നിന്ന് രക്ഷിക്കുകയാണ് തൂഫാൻ പദ്ധതിയുടെ ലക്ഷ്യം. ഐ.ജി. പുട്ടവിമലാദിത്യ ആണ് തൂഫാൻ പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസർ. പോലീസ്, എക്സൈസ്, ആരോഗ്യം, വിദ്യാഭ്യാസം എന്നീ വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ ബഹുജനപങ്കാളിത്തത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. മയക്കുമരുന്ന് വേട്ടയ്ക്കു കേരളസർക്കാർ കൊടുത്തിരിക്കുന്ന പേരാണ് ഓപ്പറേഷൻ തൂഫാൻ.

ഒരു മാസം കൊണ്ട് ഇന്ത്യയിലാകെ പൊതുജനശ്രദ്ധയാകർഷിച്ച പദ്ധതിയാണിത്.

കേന്ദ്രമന്ത്രിയുടെ അഭിപ്രായത്തിൽ കേരളമോഡൽ തൂഫാൻ ഓപ്പറേഷൻ എല്ലാ സംസ്ഥാനങ്ങളിലും ആവിഷ്കരിച്ച് നടപ്പിലാക്കണം. കേന്ദ്ര ഏജൻസികളായ റവന്യൂ, ഇന്റലിജൻസ് കസ്റ്റംസ്, റോ, കോസ്റ്റ് ഗാർഡ്, സിബിഐ, ഇ.ഡി. എന്നിവയുടെ സഹകരണത്തോടെ ഓപ്പറേഷൻ തൂഫാൻ കാര്യക്ഷമമായി നടപ്പിലാക്കും. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഡിജിപിമാരുടെ സമ്മേളനം തിരുവനന്തപുരത്തുള്ള പോലീസ് ആസ്ഥാനത്ത് വിളിച്ചുകൂട്ടുകയും തൂഫാൻ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കാവേണ്ട കർമ്മപദ്ധതികൾ ആവിഷ്കരിക്കും.

ദാദാസാഹിബ് ഫാൽകെ അവാർഡ് ജേതാവായ നടനവിസ്മയം മോഹൻലാൽ ആണ് ഓപ്പറേഷൻ തൂഫാൻ ദി നാർകോട്ടിക് ഹണ്ടിന്റെ ബ്രാൻഡ് അംബാസിഡർ. മോഹൻലാലിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിശ്വശാന്തി ഫൗണ്ടേഷനും സംസ്ഥാന പോലീസും സംയുക്തമായി തൂഫാൻ വാരിയറായി പ്രവർത്തിക്കും. രാജാവിന്റെ മകൻ എന്ന സിനിമയിൽ മോഹൻലാൽ പറയുന്ന ഒരു ഡയലോഗ് ഉണ്ട്. 'നാർക്കോട്ടിക് ഈസ് എ ഡേർട്ടി ബിസിനസ്സ്.' തികച്ചും ശരിയാണ്. മരണത്തിന്റെ വ്യാപാരികളായ എംഡിഎംഎ, ബ്രൗൺഷുഗർ, ഹാഷിഷ് തുടങ്ങിയ സിന്തറ്റിക് രാസലഹരിയുടെ കരാളഹസ്തത്തിലെ കേരളീയ യുവജനങ്ങളെ രക്ഷിക്കുവാനുള്ളതാണ് ഓപ്പറേഷൻ തൂഫാൻ.

വയനാട്ടിലെ സുൽത്താൻ ബത്തേരിയിൽ വയറ്റിൽ ഒളിച്ചു കടത്തിയ 84 ഗ്രാം എംഡിഎംഎ പിടികൂടിയ വാർത്ത ആരേയും ഞെട്ടിപ്പിക്കുന്നതാണ്. കാസർകോട് ലഹരിമിഠായി നിർമ്മിക്കുന്ന ഫാക്ടറി കണ്ടെത്തി കേരളത്തിലെ 14 ജില്ലകളിൽനിന്നായി ഒരു മാസത്തിനകം 30 കോടിയുടെ ലഹരിവസ്തുക്കൾ പിടിച്ചെടുത്തു 5300 ലഹരി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 5500 പേർ അറസ്റ്റിലായി. പത്തുവർഷമായി കേരളീയ സമൂഹത്തെ അടക്കിവാണ മയക്കുമരുന്നുമാഫിയായുടെ വേരുറക്കാൻ ഓപ്പറേഷൻ തൂഫാൻ പദ്ധതിയ്ക്കു കഴിഞ്ഞു.

നിരന്തരമായ ബോധവൽക്കരണം കർശനമായ നിയമനടപടികൾ, ലഹരിയ്ക്കു അടിമകളായവരുടെ പുനരധിവാസം എന്നീ മൂന്ന് ഘട്ടങ്ങൾ ആവശ്യമാണ്. 2018 ആണ് വിമുക്തി ആരംഭിക്കുന്നത്. സംസ്ഥാന ആരോഗ്യവകുപ്പിന്റെയും എക്സൈസ് വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിലാണ് ലഹരിവിമുക്ത വിമോചനകേന്ദ്രം പ്രവർത്തിക്കുന്നത്. എല്ലാ ജില്ലകളിലും ഗവ. ജനറൽ ആശുപത്രി കേന്ദ്രീകരിച്ചാണ് ലഹരിവിമുക്തി കേന്ദ്രം പ്രവർത്തിക്കുന്നത് കോട്ടയം ജില്ലയിൽ പാലാ ജനറൽ ആശുപത്രിയിലാണ് വിമുക്തി വിമോചനകേന്ദ്രം.

ലഹരിമരുന്നു ഉപയോഗിക്കുന്ന യുവജനങ്ങളെ കണ്ടെത്തി കൗൺസിലിംഗ് നൽകി, ലഹരി വിമുക്തി കേന്ദ്രത്തിൽ ചികിത്സിച്ച് നല്ല മാനസികാവസ്ഥയിൽ തിരികെ ജീവിതത്തിലേക്ക് തിരികെ കൊണ്ടുവരാൻ സാധിക്കണം. എല്ലാ യുവജനങ്ങളെയും ലഹരി മരുന്നിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവാന്മാരായിരിക്കണം.

ജൂൺ 26-ാം തീയതിയാണ് അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനമായി ആചരിക്കുന്നത്. വിദ്യാർത്ഥികളും യുവജനങ്ങളും ആബാലവൃദ്ധം ജനങ്ങളും ലഹരിവിരുദ്ധ യജ്ഞത്തിൽ പങ്കാളികൾ ആകണം.

നമ്മുടെ സ്ക്കൂളിന്റെയും കോളജിന്റെയും സമീപത്താണ് ലഹരിമരുന്നിന്റെ കണ്ണികൾ പ്രവർത്തിക്കുന്നത്. പോലീസും എക്സൈസും സംയുക്തമായി



ദാദാസാഹിബ് ഫാൽകെ അവാർഡ് ജേതാവായ നടനവിസ്മയം മോഹൻലാൽ ആണ് ഓപ്പറേഷൻ തൂഫാൻ ദി നാർകോട്ടിക് ഹണ്ടിന്റെ ബ്രാൻഡ് അംബാസിഡർ. മോഹൻലാലിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന വിശ്വശാന്തി ഫൗണ്ടേഷനും സംസ്ഥാന പോലീസും സംയുക്തമായി തൂഫാൻ വാരിയറായി പ്രവർത്തിക്കും. രാജാവിന്റെ മകൻ എന്ന സിനിമയിൽ മോഹൻലാൽ പറയുന്ന ഒരു ഡയലോഗ് ഉണ്ട്. **'നാർക്കോട്ടിക് ഈസ് എ ഡേർട്ടി ബിസിനസ്സ്'** തികച്ചും ശരിയാണ്.



യുദ്ധകാലാടിസ്ഥാനത്തിൽ കർമ്മപദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കണം. സംസ്ഥാന എക്സൈസ് വകുപ്പിന്റെ നൂതനപദ്ധതിയാണ് ഓപ്പറേഷൻ തണ്ടർ.

കേരളാ പോലീസിന്റെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പദ്ധതിയാണ് യോദ്ധാവ്. പ്രസ്തുത പദ്ധതിയുടെ നൂതനരൂപമാണ് ഓപ്പറേഷൻ തൂഫാൻ.

കഴിഞ്ഞ ഒരു മാസംകൊണ്ടുതന്നെ കേരളത്തിൽ മുഴുവൻ സ്വാഗതാർഹമായ മുന്നേറ്റം നടത്താൻ ഓപ്പറേഷൻ തൂഫാൻ പദ്ധതിയ്ക്കു കഴിഞ്ഞു. കോട്ടയം ജില്ലയിൽ പായിപ്പാട് പഞ്ചായത്തിലാണ് അതിഥി തൊഴിലാളികൾ അധിവസിക്കുന്നത്. മയക്കുമരുന്നിന്റെ വിഹാരകേന്ദ്രമാണ് ഇവിടം. ഇവിടെയും പോലീസിന്റെ റെയ്ഡിലൂടെ മയക്കുമരുന്നിന്റെ സ്വാധീനവും ഉപയോഗവും നിയന്ത്രിക്കാൻ കഴിഞ്ഞു. കേരളീയ സമൂഹം ഓപ്പറേഷൻ തൂഫാൻ ഏറ്റെടുത്തു കഴിഞ്ഞു. നിരന്തര ബോധവൽകരണവും പോലീസിന്റെ എക്സൈസിന്റെയും ശക്തമായ നിയമനടപടികളിലൂടെ മയക്കുമരുന്നിന്റെ ശൃംഖല നിയന്ത്രിക്കാൻ കഴിഞ്ഞത് സുപ്രധാന നേട്ടമാണ്.

തൂഫാൻ ജാഗരൺ

2026 ജൂലൈ 3-ാം തീയതി പെരുമ്പാവൂരിൽ ബഹുജന പങ്കാളിത്തത്തോടുകൂടി തൂഫാൻ ജാഗരൺ റാലി സംഘടിപ്പിച്ചു. കേരള ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല, ഡിജിപി റവാഡ ചന്ദ്രശേഖർ, ബന്നി ബഹാൻ എംപി എന്നിവരുടെ നേതൃത്വത്തിൽ തൂഫാൻ ജാഗരണ റാലി നടന്നു. തുടർന്ന് നടന്ന പൊതുസമ്മേളനം ആഭ്യന്തരമായി ശ്രീ. രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്തു. ഡിജിപി റവാഡ ചന്ദ്രശേഖർ, തൂഫാൻ നോയൽ ഓഫീസർ എന്നിവർ പങ്കെടുത്തു. പെരുമ്പാവൂരിലെ അതിഥി തൊഴിലാളികൾ താമസിക്കുന്ന ഭായികോളനിയിലേക്ക് ബഹുജനറാലി സംഘടിപ്പിച്ചു. പെരുമ്പാവൂരിനെ ലഹരി വിമുക്തമാക്കാനുംവേണ്ടിയുള്ള തൂഫാൻ ജാഗകരണ റാലി വർണ്ണശബളമാക്കി പെരുമ്പാവൂരിലെ ബഹുജനമുന്നേറ്റമായി മാറി.

ഓപ്പറേഷൻ തൂഫാൻ നർക്കോട്ടിക് ഹണ്ട് പദ്ധതി ആരംഭിച്ചിട്ട് ഒരു മാസം ആയപ്പോൾ 30 കോടിയുടെ ലഹരിവസ്തുക്കൾ കേരളാ പോലീസ് പിടിച്ചെടുത്തു. കേരളത്തിലെ ലഹരിമാഫിയയുടെ തലസ്ഥാനമായ പെരുമ്പാവൂരിൽ നിന്ന് 18 കോടിയുടെ ഹൈ ബ്രിഡ്ജ് കഞ്ചാവ് പിടിച്ചെടുത്തു.

ലഹരി വസ്തുക്കളായ കഞ്ചാവ്, എംഎസ് - എംഎ, ബ്രൗൺഷുഗർ, സിന്തറ്റിക് ഡ്രഗ്സ് തുടങ്ങിയവരുടെ കേന്ദ്രമായ പെരുമ്പാവൂരിനെ സമ്പൂർണ്ണമായി ലഹരിവിമുക്തമാക്കാനുള്ള കർമ്മപദ്ധതിയുടെ ഭാഗമായിട്ടാണ് തൂഫാൻ ജാഗരൺ പദ്ധതിയുടെ ഉദ്ഘാടനം ആഭ്യന്തരമന്ത്രി നേരിട്ടെത്തി നിർവ്വഹിച്ചത്. പൊതുയോഗത്തിനുശേഷം ഭായി കോളനിയിലേക്ക് റാലി സംഘടിപ്പിക്കുകയും അതിഥി തൊഴിലാളികളോട് തൂഫാൻ ഓപ്പറേഷൻ ഹണിഹണ്ടിൽ പങ്കാളികളാകാൻ ആഭ്യന്തര മന്ത്രി ബഹുമാന്യനായ രമേശ് ചെന്നിത്തല ആഹ്വാനം ചെയ്തു. കേരളത്തിലെ മയക്കുമരുന്ന് മാഫിയായുടെ തലസ്ഥാനമായ പെരുമ്പാവൂരിനെ സമ്പൂർണ്ണ ലഹരിവിമുക്തമാക്കാനുള്ള യജ്ഞത്തിൽ നേതൃത്വം നൽകാൻ ആഭ്യന്തരമന്ത്രി നേരിട്ടെത്തി മാതൃകാപരമായ നടപടികൾ പ്രഖ്യാപിക്കുകയും സ്പെഷൽ ടാസ്ക് ഫോഴ്സ് രൂപീകരിച്ച ഓപ്പറേഷൻ തൂഫാൻ - ദി നാർകോട്ടിക് ഹണ്ട് സമ്പൂർണ്ണവിജയത്തിലേക്ക് എത്തിക്കാൻ കാണിക്കുന്ന ആത്മാർത്ഥത സ്വാഗതാർഹമാണ്.

1956 നവംബർ 1-ാം തീയതി കേരളം ഭാഷാടിസ്ഥാനത്തിൽ നിലവിൽ വന്നത്. അതുകൊണ്ടാണ് നവംബർ 1-ാം തീയതി കേരളപ്പിറവി ദിനമായി ആചരിക്കുന്നത്. 2026 നവംബർ 1-ാം തീയതി ആകുമ്പോൾ ലഹരിവിമുക്തമായ ഒരു കേരളം എന്ന മഹത്തായ സങ്കല്പം യാഥാർത്ഥ്യമാക്കാൻ ഓപ്പറേഷൻ തൂഫാൻ പദ്ധതിയിൽ അണിചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

മെത്രാപ്പോലീത്തൻ
ഇടവക ഡയറക്ടറി

അടുത്ത 10 വർഷത്തേയ്ക്കുള്ള ഇടവക ഡയറക്ടറിയിലേക്ക് പരസ്യങ്ങൾ (സ്ഥാപനങ്ങൾ, ചരമവാർഷികം, വിവാഹജൂബിലി, ഫാമിലി ഫോട്ടോകൾ, ഉപകാരസ്മരണ തുടങ്ങിയവ) ക്ഷണിക്കുന്നു. എല്ലാവരുടെയും സഹകരണം പ്രത്യേകം പ്രതീക്ഷിക്കുന്നു.

ഇടവകയിലെ എല്ലാ കുടുംബങ്ങളിലും അടുത്ത പത്തുവർഷത്തേക്ക് ഈ ഡയറക്ടറി ഉപയോഗിക്കുകയും സൂക്ഷിച്ചുവയ്ക്കുകയും ചെയ്യുന്നതാണ്.

Full Page - Rs. 20,000 | Half Page - 13,000

For more details: 9400736231

03 ഫാമിലി ഗൈഡ്

തയ്യാറാക്കിയത്
ഫാ. ജസ്റ്റിൻ പുത്തൻപുരയിൽ



കുടുംബം:
ചുവരുകൾക്കുള്ളിലെ സ്വർഗ്ഗമോ, ഹൃദയങ്ങൾക്കിടയിലെ അകലമോ?

കുടുംബത്തെ സംരക്ഷിക്കുക. ബന്ധങ്ങളെ പരിപോഷിപ്പിക്കുക. സ്നേഹം പ്രകടിപ്പിക്കുക. കാരണം ലോകം മുഴുവൻ നമ്മെ സ്വീകരിച്ചാലും, ഹൃദയം വിശ്രമിക്കാൻ ആഗ്രഹിക്കുന്ന ഇടം പലപ്പോഴും നമ്മുടെ വീടുതന്നെയാണ്.

കുടുംബം എന്നത് ഒരുമിച്ച് താമസിക്കുന്ന കുറെ മനുഷ്യരുടെ കൂട്ടായ്മ മാത്രമല്ല. പരസ്പരം മനസ്സിലാക്കുകയും സ്നേഹിക്കുകയും താങ്ങാവുകയും ചെയ്യുന്ന ഹൃദയങ്ങളുടെ കൂട്ടായ്മയാണ്. വലിയ വീടുകളും വിലകൂടിയ ഫർണിച്ചറുകളും ആധുനിക സൗകര്യങ്ങളും ഒരു വീടിനെ മനോഹരമാക്കാം. എന്നാൽ അവിടെ സ്നേഹമില്ലെങ്കിൽ ആ വീട് ഒരു കെട്ടിടം മാത്രമായി മാറും. ഇന്ന് പല കുടുംബങ്ങളിലും കാണുന്ന ഏറ്റവും വലിയ വിരോധാഭാസം ഇതാണ്: മനുഷ്യർ പരസ്പരം കൂടുതൽ അടുത്ത് താമസിക്കുന്നു, പക്ഷേ ഹൃദയങ്ങൾ തമ്മിൽ അകന്നുപോകുന്നു.

ഒരേ മേശയ്ക്കു ചുറ്റുമിരുന്നവർ

പണ്ട് ഒരു വീട്ടിലെ ഏറ്റവും പ്രധാനപ്പെട്ട സമയം ഭക്ഷണസമയമായിരുന്നു. അന്നത്തെ ഭക്ഷണം വെറും വിശപ്പടക്കാനുള്ളതായിരുന്നില്ല;കുടുംബാംഗങ്ങൾ തമ്മിലുള്ള വിശേഷങ്ങൾ പങ്കുവയ്ക്കാനും സങ്കടങ്ങൾ പറയാനും ചിരികൾ

കൈമാറാനുമുള്ള അവസരമായിരുന്നു. ഇന്ന് പല വീടുകളിലും ഭക്ഷണമേശയുണ്ട്. വിഭവസമൃദ്ധമായ ഭക്ഷണവുമുണ്ട്. പക്ഷേ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നവർ പലപ്പോഴും സ്വന്തം മൊബൈൽ ഫോണുകളിലാണ് ശ്രദ്ധിക്കുന്നത്. അപ്പൻ വാർത്തകൾ കാണുന്നു. അമ്മ സന്ദേശങ്ങൾക്ക് മറുപടി നൽകുന്നു. മകൻ ഗെയിം കളിക്കുന്നു. മകൾ സോഷ്യൽ മീഡിയയിൽ മുഴുകുന്നു. എല്ലാവരും ഒരേ മുറിയിലാണ്. എന്നാൽ ഓരോരുത്തരും ഓരോ ലോകത്താണ്. കുടുംബബന്ധങ്ങളിലെ ആശയവിനിമയത്തെക്കുറിച്ചുള്ള പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്, സാങ്കേതികവിദ്യയ്ക്ക് ബന്ധങ്ങൾ നിലനിർത്താൻ സഹായിക്കാനാകുമ്പോഴും അമിതമായ ഉപയോഗം നേരിട്ടുള്ള സംഭാഷണത്തെയും കുടുംബസമയത്തെയും ബാധിക്കാമെന്നാണ്.

കുട്ടികൾക്ക് ആവശ്യം വിലകൂടിയ സമ്മാനങ്ങളോ?

ഒരു കുട്ടി അപ്പനോട് ചോദിച്ചു:

"അപ്പാ, ഒരു മണിക്കൂറിന് എത്ര രൂപയാണ് അപ്പന് ശമ്പളം കിട്ടുന്നത്?"

അപ്പൻ അത്ഭുതത്തോടെ ചോദിച്ചു:

"എന്തിനാണ് മോനേ അത് അറിയുന്നത്?"

കുട്ടി വീണ്ടും ചോദിച്ചു. ഒടുവിൽ അപ്പൻ ഒരു തുക പറഞ്ഞു.

കുറച്ചുനേരം ആലോചിച്ച ശേഷം കുട്ടി തന്റെ കുടുക്ക പൊട്ടിച്ച് പണം എണ്ണി അപ്പന്റെ മുന്നിൽ വച്ചു.

"അപ്പാ, ഇതാ പണം. അപ്പന്റെ ഒരു മണിക്കൂർ സമയം എനിക്ക് തരാമോ?"

ഈ ചോദ്യം ഒരു കഥയിലെ ഭാഗം മാത്രമായിരിക്കാം. പക്ഷേ അതുയർത്തുന്ന ചിന്ത യാഥാർഥ്യമാണ്. കുട്ടികൾക്ക് നല്ല വിദ്യാഭ്യാസവും വസ്ത്രങ്ങളും കളിപ്പാട്ടങ്ങളും നൽകുന്നത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്. എന്നാൽ അതിനൊപ്പം അവർക്ക് വേണ്ടത്:

- ശ്രദ്ധയോടെ കേൾക്കുന്ന മാതാപിതാക്കൾ.
- തെറ്റുകൾ തുറന്നു പറയാൻ കഴിയുന്ന സുരക്ഷിതമായ അന്തരീക്ഷം.
- ദിവസത്തിലെ വിശേഷങ്ങൾ പങ്കുവയ്ക്കാനുള്ള സമയം.
- താരതമ്യങ്ങളില്ലാത്ത സ്നേഹം.
- പരാജയപ്പെട്ടാലും തങ്ങൾ സ്വീകരിക്കപ്പെടുന്നു എന്ന ഉറപ്പ്.

കുട്ടികൾ പലപ്പോഴും ഓർത്തുവയ്ക്കുന്നത് മാതാപിതാക്കൾ വാങ്ങിക്കൊടുത്ത വസ്തുക്കളെക്കാൾ, അവരോടൊപ്പം ചെലവഴിച്ച നിമിഷങ്ങളാണ്.

ദാമ്പത്യബന്ധം: സ്നേഹം മാത്രം പോരാ

വിവാഹത്തിന്റെ ആദ്യകാലത്ത് ചെറിയ കാര്യങ്ങൾ പോലും സന്തോഷം നൽകും. ഒരുമിച്ചുള്ള ഭക്ഷണം, കുഞ്ഞുകുഞ്ഞ് യാത്രകൾ, നീണ്ട സംഭാഷണം, അപ്രതീക്ഷിതമായൊരു സമ്മാനം - ഇവയെല്ലാം ബന്ധത്തെ ഊഷ്മളമാക്കും. എന്നാൽ വർഷങ്ങൾ കടന്നുപോകുമ്പോൾ ഉത്തരവാദിത്വങ്ങൾ വർധിക്കുന്നു. ജോലി, സാമ്പത്തിക ബാധ്യതകൾ, മക്കളുടെ പഠനം, മാതാപിതാക്കളുടെ ആരോഗ്യം, സാമൂഹിക ഉത്തരവാദിത്വങ്ങൾ - ഇവയ്ക്കിടയിൽ ഭാര്യയും ഭർത്താവും പരസ്പരം സംസാരിക്കാൻ മറന്നുപോകാം. ഒരേ വീട്ടിൽ താമസിക്കുന്ന രണ്ട്

പേർ ക്രമേണ സഹവാസികളായി മാറുന്നു.

“കുട്ടിയെ സ്കൂളിൽ കൊണ്ടുപോയോ?”

“ബിൽ അടച്ചോ?”

ഇത്തരം ചോദ്യങ്ങൾ ആവശ്യമാണ്. പക്ഷേ ബന്ധത്തിന് ഇത്രമാത്രം മതിയോ?

“ഇന്ന് നിനക്ക് എങ്ങനെയുണ്ടായിരുന്നു?”

“എന്തെങ്കിലും വിഷമമുണ്ടോ?”

“നിനക്കായി ഞാൻ എന്ത് ചെയ്യണം?”

ഇത്തരം ചോദ്യങ്ങളാണ് ഹൃദയങ്ങളെ വീണ്ടും അടുപ്പിക്കുന്നത്.

ദാമ്പത്യത്തിലെ സ്നേഹം വലിയ ആഘോഷങ്ങളിൽ മാത്രമല്ല; ക്ഷീണിച്ചെത്തുന്ന പങ്കാളിക്ക് ഒരു ഗ്ലാസ് വെള്ളം നൽകുന്നതിലും, തെറ്റിദ്ധാരണകൾ ശാന്തമായി പരിഹരിക്കുന്നതിലും, മറ്റൊരാളുടെ പരിശ്രമത്തെ അംഗീകരിക്കുന്നതിലുമാണ്.



വിലകൂടിയ ഫർണിച്ചറുകളും ആധുനിക സൗകര്യങ്ങളും ഒരു വീടിനെ മനോഹരമാക്കാം. എന്നാൽ അവിടെ സ്നേഹമില്ലെങ്കിൽ ആ വീട് ഒരു കെട്ടിടം മാത്രമായി മാറും. ഇന്ന് പല കുടുംബങ്ങളിലും കാണുന്ന ഏറ്റവും വലിയ വിരോധാഭാസം ഇതാണ്: മനുഷ്യർ പരസ്പരം കൂടുതൽ അടുത്ത് താമസിക്കുന്നു, പക്ഷേ ഹൃദയങ്ങൾ തമ്മിൽ അകന്നുപോകുന്നു.

സ്നേഹം പറയുകയും പ്രകടിപ്പിക്കുകയും വേണം

ചില കുടുംബങ്ങളിൽ എല്ലാവരും പരസ്പരം സ്നേഹിക്കുന്നു. പക്ഷേ അത് തുറന്നുപറയുന്നില്ല. അപ്പൻ മക്കളെ സ്നേഹിക്കുന്നു, എന്നാൽ ഒരിക്കലും മക്കൾ ഒരു നല്ല കാര്യം ചെയ്യുമ്പോൾ “നിന്നെക്കുറിച്ച് എനിക്ക് അഭിമാനമുണ്ട്” എന്ന് പറയാറില്ല. അമ്മ കുടുംബത്തിനുവേണ്ടി എല്ലാം ചെയ്യുന്നു, എന്നാൽ അവളുടെ പരിശ്രമത്തിന് നന്ദി പറയാൻ ആരും സമയം കണ്ടെത്തുന്നില്ല. ഭാര്യയും ഭർത്താവും പരസ്പരം കരുതുന്നു, പക്ഷേ സ്നേഹവാക്കുകൾ അപ്രത്യക്ഷമാകുന്നു. നമ്മുടെ മനസ്സിലുള്ള സ്നേഹം മറ്റുള്ളവർ എപ്പോഴും സ്വയം മനസ്സിലാക്കണമെന്നില്ല.

അതുകൊണ്ട് സ്നേഹം പ്രകടിപ്പിക്കുക.

“നന്ദി.”

“ക്ഷമിക്കണം.”

“ഞാൻ നിന്നോടൊപ്പമുണ്ട്.”

“നിനക്ക് വിഷമമുണ്ടെങ്കിൽ എന്നോട് പറയാം.”

“നീ എനിക്ക് വിലപ്പെട്ട വ്യക്തിയാണ്.”

ഈ ചെറിയ വാക്കുകൾക്ക് വലിയ ബന്ധങ്ങളെ സംരക്ഷിക്കാനുള്ള ശക്തിയുണ്ട്.

കുടുംബം ഒരു വിലാസമല്ല

ലോകത്തിലെ ഏറ്റവും മനോഹരമായ വീട് ഏതാണ്? വലിയ മാളികയോ? ആധുനിക സൗകര്യങ്ങളുള്ള ഫ്ലാറ്റോ? പ്രകൃതിഭംഗിയുള്ള ബംഗ്ലാവോ? അല്ല.

നമ്മുടെ കണ്ണീരിന് ഇടമുള്ളതും, തെറ്റുകൾക്ക് ക്ഷമയുള്ളതും, സന്തോഷങ്ങൾ പങ്കുവയ്ക്കാൻ ഹൃദയങ്ങളുള്ളതുമായ ഇടമാണ് യഥാർഥ കുടുംബം.

ജീവിതത്തിൽ നാം പലതും നേടാൻ ശ്രമിക്കുന്നു—പണം, സ്ഥാനം, പ്രശസ്തി, സൗകര്യങ്ങൾ. എന്നാൽ ഈ നേട്ടങ്ങൾക്കിടയിൽ നമ്മുടെ കുടുംബത്തെ നഷ്ടപ്പെടുത്തരുത്. കാരണം ജീവിതത്തിന്റെ അവസാനത്തിൽ നമ്മൾ ചോദിക്കുന്നത് പലപ്പോഴും ഇതായിരിക്കില്ല:

“ഞാൻ എത്ര സമ്പാദിച്ചു?”

പകരം:

“ഞാൻ സ്നേഹിക്കേണ്ടവരെ വേണ്ടത്ര സ്നേഹിച്ചോ?”

“എന്നെ കാത്തിരുന്നവർക്കായി ഞാൻ സമയം കണ്ടെത്തിയോ?”

“എന്റെ സാന്നിധ്യം എന്റെ കുടുംബത്തിന് സന്തോഷമായിരുന്നോ?” എന്നൊക്കെയായിരിക്കും.

കുടുംബത്തെ സംരക്ഷിക്കുക. ബന്ധങ്ങളെ പരിപോഷിപ്പിക്കുക. സ്നേഹം പ്രകടിപ്പിക്കുക. കാരണം ലോകം മുഴുവൻ നമ്മെ സ്വീകരിച്ചാലും, ഹൃദയം വിശ്രമിക്കാൻ ആഗ്രഹിക്കുന്ന ഇടം പലപ്പോഴും നമ്മുടെ വീടുതന്നെയാണ്.

ഇടയനിലേക്ക്
സൃഷ്ടികളും പരസ്യങ്ങളും ക്ഷണിക്കുന്നു!



1. **ലേഖനങ്ങൾ & സർഗ്ഗാത്മകത (Articles & Creativity):**
   ആത്മീയ ചിന്തകൾ, കഥകൾ, കവിതകൾ, പ്രത്യേക വിഷയങ്ങളിലെ ലേഖനങ്ങൾ എന്നിവ പ്രസിദ്ധീകരിക്കാൻ താല്പര്യമുള്ളവർ നിങ്ങളുടെ സൃഷ്ടികൾ ഞങ്ങൾക്ക് അയക്കുക.
2. **പരസ്യങ്ങൾ (Advertisements):**
   നിങ്ങളുടെ ബിസിനസ്സ്/വിശേഷ പരസ്യങ്ങൾ ഇടവകാംഗങ്ങളിൽ എത്തിക്കൂ.

   പരസ്യനിരക്കുകൾ

Front Inside	= 6500/-	Back Inside	= 6500/-
Full Page	= 5000/-	Half Page	= 3000/-
Cover Back	= 10000/-		

Contact: 9400 736 231

മാതൃവേദി-പിതൃവേദി
വാർഷിക റിപ്പോർട്ട്

നമ്മുടെ ഇടവകയിൽ പ്രവർത്തന നിരതമായിരിക്കുന്ന മാതൃവേദി പിതൃവേദി സംഘടന ഈ വർഷവും മികവായ പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

ഇടവകയുടെ പ്രധാന തിരുനാൾ ആയ മകരം തിരുനാളിലും ഇടവക ദിന ത്തിനും ആവശ്യമായ എല്ലാ സാന്നിധ്യ സഹകരണവും നൽകുകയുണ്ടായി. അതോടൊപ്പം സകല മരിച്ചവരുടെയും തിരുന്നാളിനോട് അനുബന്ധിച്ച് സിമി ത്തേരി പള്ളിയിലും സിമിത്തേരിയും വൃത്തിയാക്കുകയും ചെയ്തു.

ഒന്നരവർഷക്കാലത്തോളം സംഘടനയുടെ ഡയറക്ടർ ആയിരുന്നു ബഹു മാനപ്പെട്ട നിഖിൽ അറയ്ക്കത്തറ അച്ചനും മറ്റു വൈദികരായ ബഹുമാനപ്പെട്ട സിറിൽ കളരിക്കൽ അച്ചനും ബഹുമാനപ്പെട്ട ഷെറിൻ അച്ചനും യാത്രയയപ്പ് നൽകുകയും പുതുതായി വന്ന ബഹുമാനപ്പെട്ട ഫിലിപ്പ് വൈക്കത്തുകാരൻ അച്ചനും പുതിയ ഡയറക്ടർ ഡാരിൻ തെങ്ങംപള്ളിൽ അച്ചനും മറ്റു കൊച്ചച്ച ന്മാരായ ജോൺസൺ മുണ്ടുവേലിൽ അച്ചനും ജസ്റ്റിൻ പുത്തൻപുര അച്ചനും സ്നേഹോഷ്മളമായ സ്വീകരണം നൽകി

ഫൊറോന സംഘടിപ്പിച്ച **ഉത്സവ് 2k26**- ൽ വിവിധ മത്സരങ്ങളിൽ പങ്കെടുക്കു കയും ഫൊറോന തലത്തിൽ ഓവറോൾ സെക്കൻഡ് സ്ഥാനം കരസ്ഥമാക്കുക യും ചെയ്തു. അതിരൂപതാ കലോത്സവമായ **ഒരുമ** ലളിതഗാനം മത്സരത്തിൽ ജെസ്സീ സോണി കരിമറ്റത്തിന് രണ്ടാം സ്ഥാനവും നിധി ആന്റോണിന് ക്വിസ് മത്സരത്തിൽ എ ഗ്രേഡും സേവ്യർ ആന്റണി, റോഷൻ തോമസ് എന്നിവർക്ക് ലളിതഗാനം മത്സരത്തിൽ എ ഗ്രേഡും ലഭിക്കുകയുണ്ടായി.

പശ്ചിമേഷ്യൻ സമാധാന പുനസ്ഥാപിക്കുന്നതിന് വേണ്ടി മേജർ ആർച്ച്ബിഷപ്പ് മാർ റാഫേൽ തട്ടിൽ പിതാവിന്റെ ആഹ്വാനമനുസരിച്ച് പ്രത്യേക പ്രാർത്ഥനയും ആരാധനയും വിശുദ്ധ കുർബാനയും നടത്തി

ജല ദിനത്തോട് അനുബന്ധിച്ച് പൊതുജനത്തിന് ദാഹജലം നൽകുക എന്ന ഉദ്ദേശത്തോടെ വട്ടപ്പള്ളിയിൽ മോരും വെള്ളവും വിതരണം ചെയ്തു. മാർച്ച് 29-ാം തീയതി ഓശാന ഞായറാഴ്ച പ്രായമായവർക്കും രോഗികൾക്കും വേണ്ടി പ്രത്യേക പരിശുദ്ധ കുർബാനയും കുമ്പസാരവും കുരുത്തോല വിതരണവും സ്നേഹവിരുന്നും നൽകി വയോജന ദിനമായി ആചരിച്ചു. വിശുദ്ധവാരത്തിലെ എല്ലാ ശുശ്രൂഷയിലും സജീവമായി പങ്കെടുക്കുകയും ദുഃഖവെള്ളിയാഴ്ചയിൽ ദൈവാലയത്തിൽ എത്തിയ എല്ലാവർക്കും മോരും വെള്ളവും ജ്യൂസും തയ്യാറാ ക്കി നൽകുവാൻ നൽകാനും സാധിച്ചു.

ലഹരി വിരുദ്ധ ദിനത്തിനോടനുബന്ധിച്ച് അംഗങ്ങൾ ലഹരി വിരുദ്ധ പ്രതി ജ്ഞ നടത്തി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ദൈവാലയ അങ്കണത്തിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. ധന്യൻ മാർ തോമസ് കുര്യാളശേരി പിതാവിന്റെ ശ്രാദ്ധ അടിയന്തരത്തിന് വേണ്ട എല്ലാ സഹായസഹകരണങ്ങളും നൽകി. മാതാപിതാക്കൾക്ക് വേണ്ടി കുട്ടികളുടെ സ്വഭാവ വൈകല്യങ്ങൾ തിരിച്ചറിയു

ന്നതിനും പരിഹരിക്കുന്നതിനും ആയി പ്രത്യേക ബോധവൽക്കരണ ക്ലാസ് നടത്തി. വിധവകൾക്കും വിഭാര്യർക്കും ആയി **നവോമി-യൂദിത്ത്** സംഗമം നടത്തി. നിലവിലുള്ള **പാലിയേറ്റീവ് കെയർ** യൂണിറ്റ് സജീവമായി പ്രവർത്തിക്കുന്നതിനു വേണ്ടിയുള്ള മാർഗനിർദ്ദേശ ക്ലാസ്സ് സംഘടിപ്പിച്ചു. ലെഫ്റ്റനൻ കേണൽ അൽഫോൻസാ കണ്ണന്തറ ക്ലാസ് നയിക്കുകയും ചെയ്തു. സീറോ മലബാർ സമുദായ ശക്തീകരണ വർഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച നിയോഗ പ്രാർത്ഥന ബൈബിൾ കൺവെൻഷന് മുഖ്യപങ്ക് വഹിച്ചു. മാതൃവേദി -പിതൃവേദി യുവദീപ്തിമായി സംയുക്തമായി **തിമിർത്തോണം 26** വിപുലമായി ആഘോഷിച്ചു.

വിമൻസ് ഡേ, ക്വീൻ ഓഫ് കത്തീഡ്രൽ, മദേഴ്സ് ഡേ, നേഴ്സ് ഡേ, ഫാമിലി ഡേ, ഡോക്ടർസ് ഡേ, ഫാദേഴ് ഡേ, പേരൻസ് ഡേ, ഗ്രാൻഡ് പാരൻസ് ഡേ, ഡയറക്ടേഴ്സ് ഡേ, ആനിമേറ്റസ് ഡേ, എന്നീ ദിനങ്ങൾ ഇടവകയിലെ അർഹരായ അംഗങ്ങളിൽ നിന്നും സംഘടനാ പ്രവർത്തകരിൽ നിന്നും തിരഞ്ഞെടുത്തു ആദരിച്ചു. എസ്എസ്എൽസി പ്ലസ് ടു ഉന്നത മാർക്ക് വാങ്ങിയ സംഘടനയിലെ അംഗങ്ങളിലെ മക്കൾക്കും പുതിയ കൈകാരന്മാരെയും സംഘടനയിൽ നിന്നും കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെയും ആദരിച്ചു.

തീർത്ഥാടനങ്ങൾ

വലിയ നോമ്പിനോട് അനുബന്ധിച്ച് 14 പള്ളികളിൽ കുരിശിന്റെ വഴി നടത്തി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് അൽഫോൻസാമ്മയുടെ ജന്മഗൃഹവും മറ്റു ദേവാലയങ്ങളും സന്ദർശിക്കുകയുണ്ടായി. ദൈവസഹായം പിള്ളയുടെ അടുക്കലേക്ക് ഒക്ടോബർ 11 ന് തീർത്ഥാടന യാത്ര സംഘടിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്.

അതിരൂപത ഫൊറോന തലത്തിലെ പങ്കാളിത്തം

വനിതാ ദിനത്തിനോട് അനുബന്ധിച്ച് അതിരൂപത സംഘടിപ്പിച്ച **പെൺമ 2k26** . പാപ പരിഹാര പ്രദക്ഷിണം. ചങ്ങനാശ്ശേരി അതിരൂപതയും പ്രൊലൈഫും ചേർന്ന് ആജാതശിശു സ്മാരകത്തിലെ പ്രത്യേക പ്രാർത്ഥനയും റാലിയും. **ഹൈലേത്ത 2026** നേതൃസംഗമം. മാർഗ്ഗരേഖ പ്രകാശനം. **നസ്രാണി ഫാമിലി മീറ്റ്** യുവദമ്പതി സംഗമം നമ്മുടെ ഇടവകയിൽ വെച്ച് നടത്തി. **നല്ല സമറായൻ മീറ്റ് 2026** പാലിയേറ്റീവ് കെയർ ട്രെയിനിങ് പ്രോഗ്രാം. വിധവ വിഭാര്യ സംഗമം **Lumen Spei**. **സൈബൂത്ത 2026** സീനിയർ സിറ്റിസൺ സംഗമം. മീഡിയ വില്ലേജിനോട് ചേർന്ന് ഓണവിപണി. **കൊയിനോനിയ 2026** ജനറൽ ബോഡി. അംബ്രല്ല ചലഞ്ച്.

ചാരിറ്റി

മാസത്തിലെ മൂന്നാം ഞായറാഴ്ച ഇടവക ജനങ്ങൾക്കുവേണ്ടി **സൺഡേ ക്ലിനിക്** നടത്തിവരുന്നു പ്രഷർ ഷുഗർ എന്നിവ സൗജന്യമായി നോക്കി നൽകുന്നു.

സെയിന്റ് ജെയിംസ് സ്കൂളിന്റെ 2026 പ്രവർത്തനം വർഷത്തിലേക്ക് 10000 രൂപ സംഭാവന നൽകി.

കിടങ്ങറയിലെ സ്നേഹതീരം സന്ദർശിച്ച് ആവശ്യവസ്തുക്കൾ സാമ്പത്തിക സഹായവും നൽകി.

എല്ലാ ആദ്യ വെള്ളിയാഴ്ചയും നാലാം വെള്ളിയാഴ്ചയും പ്രോലൈഫിന്റെ ഭാഗമായി നേർച്ച കഞ്ഞി പാചകം ചെയ്തു കൊടുത്തു വരുന്നു.

തണൽ - ക്യാൻസർ പേഷ്യൻസിന് സ്വാന്തനമായി എല്ലാ മാസവും 5000 രൂപ അർഹരാകുന്ന ഒരു രോഗിക്ക് നൽകുന്നു.

ഈ പ്രവർത്തന വർഷങ്ങളിൽ മാതൃവേദി-പിതൃവേദിക്ക് നിങ്ങൾ നൽകിയ എല്ലാവിധ സഹകരണങ്ങൾക്ക് പ്രസിഡന്റിന്റെ പേരിലും എക്സിക്യൂട്ടീവ് അംഗങ്ങളുടെ പേരിലും പ്രത്യേകം നന്ദി. എല്ലാവർക്കും കാവുകാട്ടു പിതാവിന്റെ ശ്രാദ്ധ തിരുനാളിന്റെ ആശംസകൾ നേർന്നുകൊണ്ട് കത്തീഡ്രൽ മാതൃവേദി പിതൃവേദിക്കുവേണ്ടി,

വർഗീസ് മാമ്പറമ്പൻ
സെക്രട്ടറി, പിതൃവേദി

ലിനി സാജൻ വട്ടക്കളം
സെക്രട്ടറി, മാതൃവേദി

നസ്രാണി ക്വിസ് 2026

മാതൃകാ ചോദ്യങ്ങൾ

1. സമുദായ ശക്തീകരണ വർഷത്തിന്റെ ലോഗോയിലെ ആപ്തവാക്യം എന്താണ്?
2. ലോഗോയുടെ വൃത്താകൃതി എന്തിനെ സൂചിപ്പിക്കുന്നു?
3. ലോഗോയുടെ മുകളിൽ പ്രതിഷ്ഠിച്ചിരിക്കുന്ന സ്ലീവാ എന്തിന്റെ പ്രതീകമാണ്?
4. വർഷാചരണത്തിന് സഭാതലത്തിൽ നേതൃത്വം വഹിക്കുന്നതാര്?
5. ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ 4:32 എഴുതുക.
6. കേന്ദ്രസർക്കാർ EWS സംവരണം കൊണ്ടുവന്ന വർഷം?
7. ജെ. ബി. കോശി കമ്മീഷൻ മുമ്പാകെ സമർപ്പിക്കപ്പെട്ട നിവേദനങ്ങൾ എത്ര?
8. നെഹമിയ 2:17 എഴുതുക.
9. സമുദായ ശക്തീകരണം മുഖ്യവിഷയമായി ചർച്ച ചെയ്യപ്പെട്ടത് എവിടെ?
10. സമുദായ ശക്തീകരണം 2026 പ്രഖ്യാപിച്ചത് ആര്?

ഉത്തരങ്ങൾ

1. സമുദായ ശക്തീകരണം, സമൂഹനന്മയ്ക്കായി ഒന്നിച്ച്
2. ഐക്യത്തെ
3. സമുദായത്തെ മിശിഹാകേന്ദ്രമായി ഒരുമിപ്പിച്ചു, മാർഗദർശനം ചെയ്തു
ഉയിർപ്പ് മനുഷ്യരുടെ കുരിശുകൾ ഏറ്റെടുക്കുന്നു
4. സീറോ മലബാർ സഭാതലവൻ മേജർ ആർച്ചുബിഷപ്പ്
5. വിശുദ്ധരുടെ കൂട്ടായ്മ, സമൂഹജീവിതം
6. 2019
7. 5.47 ലക്ഷം
8. നമുക്ക് പണിയുകയില്ലേ മതിൽ എന്നോ
9. 2024 ആഗസ്റ്റ് 10 ന് പാലാരിവട്ടം മലമ്പുഴ ഏഞ്ചൽ ആശുപത്രിയിൽ
10. സീറോ മലബാർ സഭാസ്ഥാപക ദിനം



EDAVAKA VARTHAKAL

ഇടവക വാർത്തകൾ

ധന്യൻ മാർ കുര്യാളശ്ശേരി പിതാവിന്റെ 101-ാം ചരമവാർഷിക ആചരണം

ധന്യൻ മാർ കുര്യാളശ്ശേരി പിതാവിന്റെ 101-ാം ചരമവാർഷികം മെയ് 26 മുതൽ ജൂൺ 2 വരെ ആചരിച്ചു. മെയ് 26ന് ചെറുപുഷ്പ മിഷൻ ലീഗിന്റേയും (CML) ആരാധനാ സന്യാസിനി സമൂഹത്തിന്റെയും (SABS) നേതൃത്വത്തിൽ ചങ്ങനാശേരി പാറേൽ മരിയൻ തീർത്ഥാടനകേന്ദ്രത്തിൽനിന്നും മർത്ത് മറിയം കബറിടപള്ളിയിലേക്ക് തീർത്ഥാടനം നടത്തി. മെയ് 26 മുതൽ ജൂൺ 2 വരെ വൈകിട്ട് 5 മണിക്ക് പരിശുദ്ധ കുർബാനയും സന്ദേശവും ഉണ്ടായിരുന്നു. ജൂൺ 2ന് ഉച്ചക്ക് പാരിഷ് ഹാളിൽ ശ്രാദ്ധഭക്ഷണം വിതരണം ചെയ്തു.

പരിസ്ഥിതി ദിനാചരണം

പരിസ്ഥിതി ദിനാചരണം ജൂൺ 5ന് നടത്തി. പള്ളിപരിസരത്ത് 13 ചന്ദനവും 15 തേക്കും മറ്റു വൃക്ഷതൈകളും നട്ടു. ചിങ്ങത്തിൽ കാവാലിക്കരയിലുള്ള പള്ളിവക സ്ഥലത്ത് തെങ്ങുംതൈ - 70, കമുകിൻതൈ - 100, വാഴ-20, തേക്ക് തൈ - 10 എന്നിവ നട്ടു. ജൂലൈ 5ന് അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ ജന്മദിനത്തോടനുബന്ധിച്ചും വൃക്ഷതൈ നട്ടു.

നസ്രാണി ഫാമിലി മീറ്റ് 2026

ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ വിവാഹം കഴിഞ്ഞിട്ട് 25 വർഷം വരെയായ ദമ്പതികൾക്കായി ഒരു സായാഹ്ന കൺവെൻഷൻ ഫൊറോനതലത്തിൽ ജൂൺ 21ന് നടത്തി. വി. കുർബാനയും ആരാധനയും അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റെ സന്ദേശവും ഉണ്ടായിരുന്നു.

ലഹരി വിരുദ്ധ ദിനാചരണം

മദ്യവിരുദ്ധ സമിതിയുടെ നേതൃത്വത്തിൽ ജൂൺ 28-ാം തീയതി ലഹരിവിരുദ്ധദിനം ആചരിച്ചു. രാവിലെ 6:30ന്റെ വി. കുർബാനയ്ക്കുശേഷം പതാക ഉയർത്തലും ലഹരിവിരുദ്ധ പ്രതിജ്ഞയും ഉണ്ടായിരുന്നു.

ദുക്റാനതിരുനാൾ ആചരണവും സൺഡേസ്കൂൾ വാർഷികവും

തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ആചരണം ജൂലൈ 3ന് നടത്തി. രാവിലെ 9 മണിയുടെ വി. കുർബാനക്കുശേഷം സൺഡേസ്കൂൾ വാർഷികവും മതാധ്യാപക ദിനാചരണവും രക്ഷാകർതൃസമ്മേളനവും ഉണ്ടായിരുന്നു.

കാക്കാംതോട് കുരിശടിയിൽ ദുക്റാന തിരുനാൾ

കാക്കാംതോട് കുരിശടിയിൽ ദുക്റാന തിരുനാൾ ആചരണം ജൂലൈ 2, 3 തീയതികളിൽ നടത്തി. യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ ജൂലൈ 5 ഞായറാഴ്ച നിരണം തീർത്ഥാടനം നടത്തി.

മാർ ചാൾസ് ലവീഞ്ഞ് പിതാവിന്റെ ഓർമദിനം

നമ്മുടെ അതിരൂപതയെ നയിച്ച അഭിവന്ദ്യ മാർ ചാൾസ് ലവീഞ്ഞ് പിതാവിന്റെ 113-ാം ചരമവാർഷികാചരണം ജൂലൈ 11ന് നടത്തി.

നവോമി യൂദിത്ത് സംഗമം

നമ്മുടെ ഇടവകയിലെ വിധവകൾക്കും വിഭാര്യർക്കുമുള്ള ഒരു സംഗമം ജൂലൈ 11-ാം തീയതി നടത്തി.

മെറിറ്റ് ഡേ

നമ്മുടെ ഇടവകയിലെ മെറിറ്റ് ഡേ ജൂലൈ 12-ാം തീയതി നടത്തി. ഈ വർഷം എസ്.എസ്.എൽ.സി.യ്ക്ക് 80%ത്തിനു മുകളിലും +2ന് 85%ത്തിന് മുകളിലും മാർക്ക് ലഭിച്ച എല്ലാ കുട്ടികളേയും ആദരിച്ചു.

പരിശുദ്ധ കർമലമാതാവിന്റെ തിരുനാൾ

മറ്റം കർമ്മലമാതാവിന്റെ കുരിശടിയിൽ തിരുനാളും ഒരുക്കധ്യാനവും ജൂലൈ 1 മുതൽ 16 വരെ തീയതികളിൽ ആചരിച്ചു. ഒരുക്കധ്യാനവും റംശാ, ജപമാല, മദ്ധ്യസ്ഥപ്രാർത്ഥന എന്നിവയും ഉണ്ടായിരുന്നു. തിരുനാൾ ദിനങ്ങളിൽ അഭിവന്ദ്യ കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റേയും മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റേയും സന്ദേശങ്ങൾ ഉണ്ടായിരുന്നു.

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ ആഗസ്റ്റ് 1 മുതൽ 15 വരെ ആചരിച്ചു. ആഗസ്റ്റ് 12ന് തിരുനാൾ കൊടിയേറ്റും പരിശുദ്ധ കുർബാനയും സന്ദേശവും മാർ തോമസ് തറയിൽ പിതാവ് നിർവഹിച്ചു. സീറോ മലബാർ സമുദായ ശക്തീകരണ വർഷത്തിന്റെ ഭാഗമായി നിയോഗപ്രാർത്ഥനയും ബൈബിൾ കൺവെൻഷനും ആഗസ്റ്റ് 8, 9, 10, 11 തീയതികളിൽ റവ. ഫാ. മാത്യു വയലാമണ്ണിൽ നയിച്ചു.

പണ്ടകശാല കുരിശടയിൽ വി. യാക്കോബ് ശ്ലീഹായുടെ തിരുനാൾ

പണ്ടകശാല കുരിശടയിൽ വി. യാക്കോബ് ശ്ലീഹായുടെ തിരുനാൾ ജൂലൈ 15 മുതൽ 25 വരെ ആചരിച്ചു.

ബഹു. ഡൊമിനിക് പാലത്തുങ്കൽ അച്ചനോടുള്ള ആദരവ്

15.07.2026 ബുധനാഴ്ച നടത്തിയ ബഹു. ഡൊമിനിക് പാലത്തുങ്കൽ അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകളിൽ ഇടവക സമൂഹത്തിന്റെ പ്രാർത്ഥനയും സഹകരണവും ഉണ്ടായിരുന്നു.

വി. അൽഫോൻസാമ്മയുടെ തിരുനാൾ

കത്തീഡ്രൽ യുവദീപ്തിയുടെ ആഭിമുഖ്യത്തിൽ വി. അൽഫോൻസാമ്മയുടെ തിരുനാൾ ജൂലൈ 26, 27, 28 തീയതികളിൽ ആചരിച്ചു. ആഗസ്റ്റ് 1-ാം തീയതി മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ കുടമാളൂരിലുള്ള അൽഫോൻസ ജന്മഗൃഹത്തിലേക്ക് തീർത്ഥാടനം നടത്തി.

നടത്തുകൈക്കാരൻ പ്രിൻസ് തോമസ് കുറുപ്പൻപറമ്പിൽ

നടത്തുകൈക്കാരനായി ശ്രീ. പ്രിൻസ് തോമസ് കുറുപ്പൻപറമ്പിൽ ആഗസ്റ്റ് 2-ാം തീയതി ചുമതലയേറ്റു. മുൻ കൈക്കാരൻ സുബിൻ മതിച്ചിപ്പറമ്പിലിന് നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.

പ്രവാസി സംഗമം

നമ്മുടെ ഇടവകയിൽനിന്നും കേരളത്തിന് പുറത്തും വിദേശത്തും ഇപ്പോൾ ജോലി ചെയ്യുന്നവരുടേയും ജോലിക്കുശേഷം നാട്ടിൽ സ്ഥിരതാസമാക്കിയവരുടേയും ഒരു സംഗമം ആഗസ്റ്റ് 2ന് നടത്തി.

സ്വാതന്ത്ര്യദിനാഘോഷം

സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി ആഗസ്റ്റ് 15ന് പള്ളിപരിസരത്ത് ദേശീയപതാക ഉയർത്തി.

വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ

വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളിനോട് അനുബന്ധിച്ച് പള്ളിയുടെ മുൻവശത്തുള്ള കൽക്കുരിശിൽ വച്ച് ആഘോഷമായ റംശാ പ്രാർത്ഥന നടത്തി.

വെള്ളപ്പൊക്ക ദുരിതാശ്വാസം

ഒരു ഞായറാഴ്ച പിരിവിൽകൂടി സമാഹരിച്ച തുക ഉപയോഗിച്ച് വെള്ളപ്പൊക്കം മൂലം ദുരിതം അനുഭവിച്ച 150 കുടുംബങ്ങൾക്ക് ഭക്ഷണസാമഗ്രികളുടെ കിറ്റുകൾ വിതരണം ചെയ്തു.

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളും എട്ടുനോമ്പാചരണവും

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളും എട്ടുനോമ്പാചരണവും ആഗസ്റ്റ് 31 മുതൽ സെപ്റ്റംബർ 8 വരെ ആചരിച്ചു.

സസ്യമാർക്കറ്റിലെ വ്യാകുലമാതാവിന്റെ കുരിശടി

വ്യാകുലമാതാവിന്റെ നാമത്തിലുള്ള സസ്യമാർക്കറ്റിലെ കുരിശടിയുടെ വെഞ്ചരിപ്പ് സെപ്റ്റംബർ 15-ാം തീയതി അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവ് നിർവഹിച്ചു. വ്യാകുലമാതാവിന്റെ തിരുനാൾ സെപ്റ്റംബർ 16, 17 തീയതികളിൽ ആചരിച്ചു.

മാർ കാവുകാട്ട് പിതാവ് ഭവനനിർമ്മാണപദ്ധതി

മാർ കാവുകാട്ട് പിതാവ് ഭവനനിർമ്മാണപദ്ധതിയിൽ പൂർത്തിയാക്കിയ മറ്റത്തിലെ ഒരു ഭവനത്തിന്റെ കൂദാശാകർമ്മം സെപ്റ്റംബർ 16-ാം തീയതി നിർവഹിച്ചു.

വിശുദ്ധ മിഖായേൽ മാലാഖയുടെ തിരുനാൾ

അങ്ങാടി കുരിശടിയിൽ വിശുദ്ധ മിഖായേൽ മാലാഖയുടെ തിരുനാൾ സെപ്റ്റംബർ 27, 28, 29 തീയതികളിൽ ആചരിച്ചു. വൈകിട്ട് ജപമാലയും മദ്ധ്യസ്ഥപ്രാർത്ഥനയും ഉണ്ടായിരുന്നു.

സ്നേഹപൂർവം,

റോണി ജോൺ കുരിശിങ്കൽപറമ്പിൽ
കുടുംബകൂട്ടായ്മ ജനറൽ കൺവീനർ

ജലത്താലും ആത്മാവിനാലും



1. കണ്ണമ്പുഴ ജോർജ്ജ് - രമ്യ മകൻ ജെയിംസ് - 28.05.2026
2. മണക്കളം ബ്യൂണി - കാതറിൻ മകൻ ജോസഫ് - 31.05.2026
3. ആസ്റ്റർ ഗാർഡൻ തങ്കപ്പൻ - തങ്കമ്മ മകൻ ജോസഫ് - 03.06.2026
4. ആസ്റ്റർ ഗാർഡൻ ബിജോയി - സോണിയ മകൾ ക്ലാര - 03.06.2026
5. ആസ്റ്റർ ഗാർഡൻ ബിജോയി - സോണിയ മകൻ തോമസ് - 03.06.2026
6. പാലത്തുങ്കൽ റോബി - ജിജി മകൾ മറിയം - 10.06.2026
7. നെടുംപറമ്പിൽ അഖിൽ - റോസ്മി മകൻ ജോസഫ് - 21.06.2026
8. തച്ചങ്കരി റ്റിജോ - ഇസബെല്ല മകൻ ജോസഫ് - 15.07.2026
9. കണ്ടങ്കരി ഡോൺ - റോസ്മി മകൻ ഔസേഫ് - 18.07.2026
10. കടന്തോട് അലക്സ് - ശിൽപ മകൻ ആന്റണി - 22.07.2026
11. കൂടത്തിങ്കൽ ജിബിൻ - ലീനാമോൾ മകൾ എലിസബത്ത് - 08.08.2026
12. കരിങ്ങട സെബാസ്റ്റ്യൻ- സോണിയ മകൾ എലിസബത്ത് - 10.08.2026
13. കാരാപ്പുഴശ്ശേരി ഷിന്റോ - ജലീറ്റാ മകൾ അന്ന - 25.08.2026
14. ചെന്നിത്തല മോഹൻ - സോണിയ മകൻ സെബാസ്റ്റ്യൻ - 19.09.2026

ദൈവം യോജിപ്പിച്ചത്



- പാറക്കടവിൽ ജോസഫ് - മോളി മകൻ തോമസും കൈതവന ഇടവക കുന്നത്തുകുഴിയിൽ സെബാസ്റ്റ്യൻ - സിനി മകൾ അമല മേരിയും - 25.05.2026
- കണ്ണമ്പുഴ ജെയിംസ് - ലാലി മകൻ ജോസഫും ഇത്തിത്താനം ഇടവക കയ്യാലകം ഷാജി - ബിന്ദു മകൾ എലിസബത്തും - 30.05.2026
- ആസ്റ്റർ ഗാർഡൻ തങ്കപ്പൻ - തങ്കമ്മ മകൻ ജോസഫും കൊടുപ്പുന്ന തോമസ് - തങ്കമ്മ മകൾ അൽഫോൻസയും - 3.06.2026
- ഇടശ്ശേരിപ്പറമ്പിൽ പോൾ - മറിയാമ്മ മകൻ അഗസ്റ്റിനും ഇലഞ്ഞിപ്പറമ്പിൽ മാർട്ടിൻ - സുനി മകൾ മരിയയും - 27.06.2026
- മുല്ലാറമുണ്ടയ്ക്കൽ തോമസ് - ജിജി മകൻ വർഗീസും തുമ്പക്കോട് ഇടവക വെട്ടിയ്ക്ക പൗലോസ് - എൽസി മകൾ മറിയവും - 01.07.2026
- വെട്ടുവഴി മൈക്കിൾ - സെൽമ മകൻ ദേവസ്യയും ചെങ്കൽ ഇടവക നമ്പുരയ്ക്കൽ മാത്യു - റോസമ്മ മകൾ മെറിനും - 23.07.2026
- കളപ്പുരയ്ക്കൽ കുഞ്ഞുമോൻ - ജോളി മകൻ ചാക്കോയും ചേവൂർ ഇടവക മൊരിയാടൻ ആന്റണി - സ്വപ്ന മകൾ മേരിയും - 30.07.2026
- ചിറവാലയിൽ ബാബു - കുഞ്ഞുമോൾ മകൻ ജോസഫും വെള്ളായംകുടി ഇടവക മറ്റത്തിൽ തോമസ് - മറിയം മകൾ അന്ന മരിയയും - 06.08.2026
- പാലത്തുങ്കൽ ജോസഫ് - റോസമ്മ മകൻ ചാക്കോയും ചെന്നിത്തല ഇടവക ചേന്നാത്തു പുത്തൻവീട് തോമസ് - ബീനാ മകൾ മറിയമ്മയും - 20.08.2026
- പുലിയശ്ശേരിൽ ജോസഫ് - മറിയാമ്മ മകൻ ജോസഫും തത്തംപള്ളി ഇടവക കല്ലറയ്ക്കൽ ഫിലിപ്പ് - അജി മകൾ ഷെറിനും - 22.08.2026

- കാട്ടാംപാക്കൽ മാത്യു - എലിസബത്ത് മകൻ ഫ്രെഡിയും പൂണിത്തുറ ഇടവക തറമേക്കളം ചെറിയാൻ - ക്രിസ്റ്റലിൻ മകൾ എലിസബത്തും - 27.08.2026
- പത്തിൽചിറ തോമസ് - റിയ മകൻ ജോസഫും കുറുമ്പനാടം ഇടവക കൊക്കോത്ത് ജോസി -റീനാ മകൾ കാതറിനും - 29.08.2026
- കടന്തോട് റോയി - ജിജി മകൻ തോമസും കാവാലം ഇടവക തെക്കുംതലയ്ക്കൽ ഉമ്മൻ - ജെസി മകൾ മറിയവും - 10.09.2026
- കൊല്ലമന സിബി - അനു മകൻ ജോസഫും പഴയിടം ഇടവക ചേരാടിൽ ജോസഫ് - റ്റെസി മകൾ അന്നയും - 16.09.2026

ഉത്ഥിതനോടൊപ്പം

RIP

1. മാമ്പൂത്തറ ജോണി ഫ്രാൻസിസ് (60 വയസ്) - 25.05.2026
2. പടിഞ്ഞാറേക്കളം ഫിലിപ്പ് ഡോൺ ബോസ്കോ (74 വയസ്) - 25.05.2026
3. കട്ടത്തറ ത്രേസ്യാമ്മ ജോസഫ് (76 വയസ്) - 31.05.2026
4. കുട്ടംപേരൂർ സെബാസ്റ്റ്യൻ തോമസ് (15 വയസ്) - 04.06.2026
5. ഇളപ്പുങ്കൽ ജോസഫ് കുര്യൻ (89 വയസ്) - 06.06.2026
6. വാടപ്പറമ്പിൽ ആനി ജോസ് (77 വയസ്) - 08.06.2026
7. കുരിശുംമൂട്ടിൽ കെ. ജെ. ഫിലിപ്പ് (80 വയസ്) - 08.06.2026
8. ചെന്നിത്തല സി. ജെ. ദേവസ്യ (84 വയസ്) - 09.06.2026
9. പുത്തൻപുരയിൽ ജെയിംസ് വർഗീസ് (75 വയസ്) - 18.06.2026
10. വലിയവീട്ടിൽ സൂസമ്മ മാർട്ടിൻ (56 വയസ്) - 21.06.2026
11. തയ്യിൽ റോസമ്മ രാജൻ (78 വയസ്) - 21.06.2026
12. പയ്യംപള്ളി ലീലാമ്മ വർഗീസ് (78 വയസ്) - 30.06.2026
13. കാട്ടടി കെ. എ ജോസഫ് (76 വയസ്) - 06.07.2026
14. ചിങ്ങംപറമ്പിൽ ബാബു ജോസഫ് (84 വയസ്) - 09.07.2026
15. തോട്ടാശ്ശേരി റോസമ്മ വർഗീസ് (89 വയസ്) - 08.07.2026
16. ചുടുകാട്ടിൽ അലിറ്റ് സി എബ്രഹാം (34 വയസ്) - 12.07.2026
17. തോപ്പിൽ ബിനു റ്റി. പി (57 വയസ്) - 16.07.2026
18. കുന്നുംപുറത്ത് ലില്ലി ചാക്കോ (59 വയസ്) - 08.08.2026
19. പഴയചിറ തെക്കത്ത് തോമസ് സഖറിയാസ് (81 വയസ്) - 08.08.2026
20. മുട്ടത്തുപാറ രാജു ജോർജ്ജ് (73 വയസ്) - 18.08.2026
21. കളപ്പുരയ്ക്കൽ അന്നമ്മ തോമസ് (78 വയസ്) - 20.08.2026
22. വള്ളിക്കാട് വി. സി. സേവ്യർ (81 വയസ്) - 20.08.2026
23. ഇല്ലിമൂട്ടിൽ തോമസ് ജോഷി (79 വയസ്) - 21.08.2026
24. മാവേലിത്തയ്യിൽ ജോൺ ജോസഫ് (67 വയസ്) - 29.08.2026
25. കുരിശിങ്കൽപറമ്പിൽ ജോസഫ് മാത്യു (80 വയസ്) - 31.08.2026
26. ചെറുകര ത്രേസ്യാമ്മ ജോസഫ് (89 വയസ്) - 02.09.2026
27. താമല്ലൂർ ഔസേഫ് തോമസ് (63 വയസ്) - 06.09.2026
28. കടുപ്പിൽ ഏലിയാമ്മ ആന്റണി (95 വയസ്) - 10.09.2026
29. ചമ്പക്കുളം രാജു തോമസ് (64 വയസ്) - 19.09.2026

സ്നേഹസ്മരണയ്ക്ക്



രാജു ജോർജ്

ജനനം: 05.03.1954 മരണം: 18.08.2026

മുട്ടത്തുപാറ, ഫിഷ് മാർക്കറ്റ്

സ്നേഹസ്മരണയ്ക്ക്

5-ാം ചരമവാർഷികം



പി. ജെ. ജോസഫ്

(ബേബിച്ചൻ)

പനച്ചിയ്ക്കൽ, ചങ്ങനാശ്ശേരി

മരണം : 05.09.2021



മത്തായി ജോസഫ് (ഔതച്ചൻ)

മരണം : 15.03.1987

മറിയാമ്മ ജോസഫ്

മരണം : 10.08.1983

പനച്ചിയ്ക്കൽ, ചങ്ങനാശ്ശേരി

സ്നേഹസ്മരണയ്ക്ക്



പ്രൊഫ. കെ.എ. ജോസഫ് കാട്ടടി
(കാട്ടടി സാർ)

ജനനം: 10.05.1950 | മരണം: 06.07.2026

സ്നേഹസ്മരണയ്ക്ക്



കെ.പി. അന്തോനിച്ചൻ



പൊന്നമ്മ ആന്റണി



തങ്കച്ചൻ

കരിങ്ങട, ചങ്ങനാശേരി



നമ്മുടെ പള്ളിക്ക്
പുതിയ വെബ്സൈറ്റ്





നമ്മുടെ ഇടവകാംഗങ്ങളെ കൂടുതൽ അടുത്ത് ബന്ധിപ്പിക്കുകയും, ഇടവകയുടെ വിവിധ പ്രവർത്തനങ്ങളും വിവരങ്ങളും എളുപ്പത്തിൽ എല്ലാവരിലേക്കും എത്തിക്കുകയും ചെയ്യുന്നതിനായി പുതിയ വെബ്സൈറ്റ് ആരംഭിച്ചിരിക്കുന്നു.

www.metropolitanpally.in

Scan this QR Code

വെബ്സൈറ്റിൽ ലഭ്യമാകുന്ന വിവരങ്ങൾ

- വിശുദ്ധ കുർബാനയുടെ സമയക്രമവും പള്ളി വിവരങ്ങളും
- ഇടവക വാർത്തകളും അറിയിപ്പുകളും
- തിരുനാളുകൾ, പരിപാടികൾ, വിവിധ പ്രവർത്തനങ്ങൾ
- പൂർവികരുടെ ഓർമ്മദിനം
- ഇടവകയിലെ സംഘടനകളും പ്രവർത്തനങ്ങളും
- നമ്മുടെ ഇടവകയുടെ ചരിത്രവും പൈതൃകവും
- പള്ളി സ്ഥാപനങ്ങളും സൗകര്യങ്ങളും
- തീർത്ഥാടകർക്ക് പള്ളിയിലെ ആകർഷകമായ കാര്യങ്ങൾ പരിചയപ്പെടുത്തുന്നു
- ഇടവക ഓഫീസുമായി ബന്ധപ്പെട്ട സേവനങ്ങളും വിവരങ്ങളും
- ഇടയന്റെ പഴയ ലക്കങ്ങൾ
- ബന്ധപ്പെടാനുള്ള വിവരങ്ങളും പ്രധാന അറിയിപ്പുകളും
- ഇടവകയുമായി എപ്പോഴും ബന്ധപ്പെട്ടു നിൽക്കാം

എല്ലാ ഇടവകാംഗങ്ങളും പുതിയ വെബ്സൈറ്റ് സന്ദർശിക്കുകയും, ലഭ്യമായ വിവരങ്ങളും സേവനങ്ങളും പ്രയോജനപ്പെടുത്തുകയും ചെയ്യണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

മറ്റു പ്രധാന സേവനങ്ങൾ

- ഓഡിറ്റോറിയം ലഭ്യത
- പള്ളിയിലെ ഒരു ദിവസത്തെ തിരുകർമ്മ വിവരങ്ങൾ
- കുർബാന, ഒപ്പീസ്, നൊവേനകൾ എന്നിവ ഓൺലൈനായി നല്കുന്നതിനുള്ള സൗകര്യം
- വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കായുള്ള സംഭാവന നൽകുവാൻ

സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി
ചങ്ങനാശേരി